

ലക്കം 9 പുസ്തകം 18
2025 ജനുവരി–ഫെബ്രുവരി
അക്ഷരകൈരളി
പരീക്ഷാപ്പതിപ്പ്
ഹയർസെക്കൻഡറി
തുല്യതാപരീക്ഷാസഹായി

കേരള സർക്കാർ
തദ്ദേശസ്വയംഭരണ വകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പ്
കേരള സംസ്ഥാന
സാക്ഷരതാമിഷൻ അതോറിറ്റി

# അക്ഷരകൈരളി

വായിക്കുക
വരിക്കാരാവുക



# എഡിറ്റോറിയൽ

പ്രിയ പഠിതാക്കളെ,

ഹയർ സെക്കൻഡറി ഒന്നാം വർഷ, രണ്ടാം വർഷ തുല്യതാപരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്ക് പഠനം എളുപ്പമാക്കാനും ചോദ്യരീതികൾ പരിചയപ്പെടുത്താനും അതുവഴി ഉന്നത വിജയം നേടാനും സഹായിക്കുന്ന തരത്തിൽ  ഈ ലക്കം അക്ഷരകൈരളി മാതൃകാചോദ്യങ്ങളുമായാണ്  എത്തുന്നത്.

ഓരോ വിഷയത്തിലെയും പ്രധാനപ്പെട്ട പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി, പരീക്ഷാഘടനയ്ക്ക് അനുസരിച്ചുള്ള ചോദ്യങ്ങളും പഠനക്കുറിപ്പുകളുമാണ് ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മുൻവർഷങ്ങളിലെ ചോദ്യപേപ്പറുകൾ വിശകലനം ചെയ്ത് പരീക്ഷയ്ക്ക് വരാൻ സാധ്യതയുള്ള മാതൃകാചോദ്യങ്ങളാണ് തയ്യാറാക്കിയിരിക്കുന്നത്. ഇത് നിങ്ങൾക്ക് പരീക്ഷാ പാറ്റേൺ മനസ്സിലാക്കാനും സമയബന്ധിതമായി ഉത്തരങ്ങൾ എഴുതി പരിശീലിക്കാനും ഏറെ പ്രയോജനകരമാകും.

കൃത്യമായ പരിശീലനത്തിലൂടെയും ആസൂത്രണത്തിലൂടെയും നിങ്ങൾക്ക് ഏതൊരു പരീക്ഷയും എളുപ്പത്തിൽ മറികടക്കാൻ സാധിക്കും. മുൻവർഷചോദ്യങ്ങളും മാതൃകാചോദ്യങ്ങളും ആവർത്തിച്ച് പരിശീലിക്കുന്നതിലൂടെ  പരീക്ഷയെ കൂടുതൽ ധൈര്യത്തോടെ നേരിടാൻ നിങ്ങൾ ഓരോരുത്തർക്കും കഴിയും. നിങ്ങളുടെ പഠനവഴിയിൽ അക്ഷരകൈരളി ഒരു വഴികാട്ടിയാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

വിജയത്തിനായി എല്ലാ ആശംസകളും...

**ഒലീന എ.ജി.**
എഡിറ്റർ & ഡയറക്ടർ

ജനുവരി–ഫെബ്രുവരി 2025

# അക്ഷരകൈരളി
## പരീക്ഷാപ്പതിപ്പ്

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
അക്ഷരം, പേട്ട ബോയ്സ് സ്കൂളിനുസമീപം, പേട്ട. പി.ഒ, തിരുവനന്തപുരം–24

Phone Ð 0471-2472253, 2472254 Fax Ð 0471-2462252
E-mail : aksharakairali2017@gmail.com,
stateliteracymission@gmail.com
website : www.literacymissionkerala.org

## ഉള്ളടക്കം

**ഒന്നാംവർഷം ഹയർ സെക്കൻഡറി**

**തുല്യത – മാതൃകാചോദ്യപേപ്പർ**

ചരിത്രം ........ 7
പൊളിറ്റിക്കൽ സയൻസ് ........ 9
സമൂഹശാസ്ത്രം ........ 11
അക്കൗണ്ടൻസി ........ 15
ഇക്കണോമിക്സ് ........ 19
ഇംഗ്ലീഷ് ........ 22
ബിസിനസ് സ്റ്റഡീസ് ........ 24
ഹിന്ദി ........ 26
മലയാളം ........ 30
ഗാന്ധിയൻ സ്റ്റഡീസ് ........ 33

**രണ്ടാംവർഷം ഹയർ സെക്കൻഡറി**

**തുല്യത – മാതൃകാചോദ്യപേപ്പർ**

ചരിത്രം ........ 36
പൊളിറ്റിക്കൽ സയൻസ് ........ 38
സമൂഹശാസ്ത്രം ........ 42
അക്കൗണ്ടൻസി ........ 47
ഇക്കണോമിക്സ് ........ 51
ഇംഗ്ലീഷ് ........ 54
ബിസിനസ് സ്റ്റഡീസ് ........ 57
ഗാന്ധിയൻ സ്റ്റഡീസ് ........ 59
ഹിന്ദി ........ 61
മലയാളം ........ 64

എഡിറ്റർ
**ഒലീന.എ.ജി**

ഡിടിപി & ലേഔട്ട്
**കളർ ട്രാക്ക്**

പത്രാധിപസമിതി
**ഡോ.കാവുമ്പായി ബാലകൃഷ്ണൻ**
**ടി.കെ.നാരായണദാസ്**
**ഡോ.കെ.വി.കുഞ്ഞികൃഷ്ണൻ**
**വി.മാധവൻപിള്ള**
**ഡോ.എം.എ.അസ്കർ**

## പഠിതാക്കൾക്കുള്ള പൊതുനിർദേശങ്ങൾ

- നിർദ്ദിഷ്ടസമയത്തിനു പുറമേ 20 മിനിറ്റ് കൂൾ ഓഫ് ടൈം ഉണ്ടായിരിക്കും.
- കൂൾ ഓഫ് ടൈം ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- നിർദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവം വായിക്കണം.
- ഉത്തരങ്ങൾ എഴുതുന്നതിനുമുൻപ് ചോദ്യങ്ങൾ ശ്രദ്ധാപൂർവം വായിക്കണം.
- കണക്കുകൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ എന്നിവ ഉത്തര പേപ്പറിൽത്തന്നെ ഉണ്ടായിരിക്കണം.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കാൻ പാടില്ല.

# കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

തിരുവനന്തപുരം

**ഒന്നാം വർഷം ഹയർ സെക്കൻഡറി തുല്യതാ പരീക്ഷ 2024**

## പരീക്ഷാ കുറിപ്പുകളും പ്രധാന പാഠഭാഗങ്ങളും

## ചരിത്രം

പ്രിയമുള്ള പഠിതാക്കളെ,

ഹയർ സെക്കൻഡറി ഒന്നാം വർഷ ചരിത്ര പാഠപുസ്തകത്തിൽ 10 പാഠങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അവ ലോകചരിത്രത്തിലെ വ്യത്യസ്ത സംഭവങ്ങൾ ചർച്ച ചെയ്യുന്നു. മനുഷ്യന്റെ ഉത്ഭവവും ശിലായുഗവും തുടങ്ങി രണ്ടാം ലോകയുദ്ധംവരെ ഈ 10 പാഠങ്ങളിലായി പ്രതിപാദിക്കുന്നു.

ഹയർ സെക്കൻഡറി ചോദ്യപേപ്പറിന്റെ മാതൃക നിങ്ങൾ ഇതിനോടകം പരിചയപ്പെട്ടു കഴിഞ്ഞിട്ടുണ്ടാകും. ശരിയുത്തരം തെരഞ്ഞെടുത്ത് എഴുതാനുള്ള ആറ് ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതണം. ചേരുംപടി ചേർക്കാനുള്ള ഒരു ചോദ്യവും കാലഗണനയ്ക്കനുസരിച്ച് എഴുതാനുള്ള ഒരു ചോദ്യവും ഉണ്ടാകും. അങ്ങനെ 12 മാർക്കിനുള്ള വസ്തുനിഷ്ഠ ചോദ്യങ്ങളോടൊപ്പം നാലു മാർക്കിന്റെ മാപ്പ് ചോദ്യംകൂടി ചേർത്താൽ ആകെ 16 മാർക്കിന് വസ്തുനിഷ്ഠ ചോദ്യങ്ങൾ പ്രതീക്ഷിക്കാം. ഇവ ഏത് പാഠങ്ങളിൽനിന്നു വേണമെങ്കിലും ചോദിക്കാം. മാപ്പ് ചോദ്യങ്ങൾ വരാൻ ഏറ്റവുമധികം സാധ്യതയുള്ള പാഠങ്ങൾ റോമാസാമ്രാജ്യം, മദ്ധ്യപൗരസ്ത്യ ദേശത്തെ ഇസ്ലാം, അധിനിവേശവും ചെറുത്തുനിൽപ്പും തുടങ്ങിയവയാണ്.

ലഘുചോദ്യങ്ങൾ എല്ലാ പാഠങ്ങളിൽനിന്നും ഉണ്ടാകും. ഉപന്യാസങ്ങൾ ചോദിക്കാൻ ഏറ്റവും സാധ്യതയുള്ള പാഠഭാഗങ്ങൾ റോമാസാമ്രാജ്യം, മദ്ധ്യപൗരസ്ത്യ ദേശത്തെ ഇസ്ലാം, ഫ്യൂഡലിസം, വ്യവസായ വിപ്ലവം, യുദ്ധവും സമാധാനവും എന്നിവയാണ്.

മുൻ വർഷങ്ങളിലെ കുറച്ച് ചോദ്യപേപ്പറുകൾ ശേഖരിച്ച് ഓരോ പാഠഭാഗത്തിൽനിന്നും ആവർത്തിച്ചു വരുന്ന ചോദ്യങ്ങൾ മനസ്സിലാക്കുകയും പ്രസ്തുത പാഠഭാഗങ്ങളിലെ പ്രധാനപ്പെട്ട ചോദ്യങ്ങൾ പഠിക്കുന്നതും പരീക്ഷയ്ക്ക് വളരെ സഹായകരമാകും.

പുസ്തകത്തിന്റെ ഏതു ഭാഗത്തുനിന്നും ചോദ്യമുണ്ടാകാം എന്ന തിരിച്ചറിവോടെ അല്പം ശ്രദ്ധയോടെ വായിച്ചു പഠിച്ചു പോകുന്ന പഠിതാക്കളെ ഒരിക്കലും ചരിത്ര പരീക്ഷ നിരാശപ്പെടുത്താറില്ല.

# കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

തിരുവനന്തപുരം

## പതിനൊന്നാംതരം തുല്യതാപരീക്ഷ

## മാതൃകാചോദ്യപേപ്പർ - 2025

## ചരിത്രം

**സമയം: 2½ മണിക്കൂർ** | **ആകെ സ്കോർ: 80**

**1 മുതൽ 6 വരെയുള്ളവയിൽ ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഓരോന്നിനും 1 സ്കോർ വീതം.** **(4X1=4)**

1. വിവേകിയായ മനുഷ്യനെ തിരിച്ചറിയുക
   A. ഹോമോ ഇറക്റ്റസ്  B. ഹോമോ ഹബിലിസ്
   C ഹോമോ സാപ്പിയൻസ്  D. ആസ്ട്രേലോപിത്തേക്കസ്

2. നവോത്ഥാനം ആരംഭിച്ചത് എവിടെ ?
   A. ജർമ്മനി  B. ഫ്രാൻസ്
   C. ഇറ്റലി  D. ബ്രിട്ടൻ

3. ചുവടെ പറയുന്നവയിൽ ഇറ്റാലിയൻ നഗരം ഏത് ?
   A. മോസ്കോ  B. ലണ്ടൻ
   C. വെനീസ്  D. ബർലിൻ

4. മോണാലിസ ആരുടെ ചിത്രമാണ് ?
   A. മൈക്കലാഞ്ചലോ  B. ഡാവിഞ്ചി
   C. ഫിലിപ്പോ ബ്രൂണലേഷി  D. റാഫേൽ

5. രക്തചംക്രമണ വ്യവസ്ഥ കണ്ടുപിടിച്ചത് ആര്?
   A. വില്യം ഹാർവി  B. ഗുട്ടൻബർഗ്
   C. ഐസക് ന്യൂട്ടൻ  D. കെപ്ലർ

6. അൽമാഗെസ്റ്റ് എന്ന ഗ്രന്ഥം രചിച്ചതാര് ?
   A. ടോളമി  B. അവിസെന്ന
   C. അൽ-റാസി  D. ഇബ്ൻ റഷ്ദ്

**7. 'എ' കോളത്തിന് അനുയോജ്യമായവ 'ബി ' കോളത്തിൽനിന്ന് കണ്ടെത്തി എഴുതുക.** **4X1=4**

| A | B |
|---|---|
| എബ്രഹാം ഡാർവി മൂന്നാമൻ | ആവിയന്ത്രം |
| ജോൺകെ | പവർ ലൂം |
| ജെയിംസ് വാട്ട് | ലോകത്തിലെ ആദ്യ ഇരുമ്പ് പാലം |
| എഡ്മണ്ട് കാർട്ട് റൈറ്റ് | ഫ്ളൈയിംഗ് ഷട്ടിൽ |

8. ചുവടെ തന്നിരിക്കുന്നവയെ കാലഗണനാക്രമത്തിൽ എഴുതുക. **(4X1=4 )**
   റഷ്യൻ വിപ്ലവം
   ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണം
   ചൈനീസ് ജനകീയ റിപ്പബ്ലിക് സ്ഥാപിച്ചു
   ചൈനയിലെ ലോംഗ് മാർച്ച്

9. തന്നിരിക്കുന്ന ലോകത്തിന്റെ രൂപരേഖയിൽ ചുവടെ പറയുന്നവ അടയാളപ്പെടുത്തുക **(4X1=4)**

A. മെഡിറ്ററേനിയൻ കടൽ B. സഹാറാ മരുഭൂമി

C. മക്ക D. മദീന

**10 മുതൽ 18 വരെയുള്ളവയിൽ ഏതെങ്കിലും 8 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**
**ഓരോന്നിനും 2 സ്കോർ വീതം** **(8X 2=16)**

10. റോമാസാമ്രാജ്യവും ഇറാനിയൻ സാമ്രാജ്യവും തമ്മിലുള്ള വ്യത്യാസങ്ങൾ എഴുതുക.
11. പ്രാചീന മനുഷ്യന് തീ കൊണ്ട് ഉണ്ടായിരുന്ന ഏതെങ്കിലും രണ്ട് ഉപയോഗങ്ങൾ എഴുതുക.
12. അബ്ദുൾ മാലിക്കിന്റെ രണ്ടു ഭരണപരിഷ്കാരങ്ങൾ എഴുതുക.
13. നവോത്ഥാന കാലഘട്ടത്തിലെ ഏതെങ്കിലും രണ്ട് ചിത്രകാരന്മാരുടെ പേരെഴുതുക.
14. ഫ്യൂഡലിസം എന്നാൽ എന്തെന്ന് നിർവചിക്കുക.
15. ഐക്യരാഷ്ട്രസംഘടനയുടെ ഏതെങ്കിലും രണ്ട് ലക്ഷ്യങ്ങൾ എഴുതുക.
16. റഷ്യൻ വിപ്ലവത്തിന്റെ ഏതെങ്കിലും രണ്ട് ഫലങ്ങൾ എഴുതുക.
17. മെയ്ജി പുനഃസ്ഥാപനം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ?
18. ലോംഗ് മാർച്ചിനെ കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക.

**19 മുതൽ 21 വരെയുള്ളവയിൽ ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**
**ഓരോന്നിനും 3 സ്കോർ വീതം.** **(2X3=6)**

19. ലാറ്റിനമേരിക്കൻ വിപ്ലവത്തിന്റെ നേതാക്കളുടെ പേര് എഴുതുക.
20. ഡോക്ടർ സൺ യാത് സെന്നിന്റെ 3 തത്വങ്ങൾ എഴുതുക.
21. ഇൻകാ സംസ്കാരത്തെ കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക.

**22 മുതൽ26 വരെയുള്ളവയിൽ ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക .**
**ഓരോന്നിനും 4 സ്കോർ വീതം.** **(4X4=16)**

22. അബ്ബാസിയ വിപ്ലവം വിശദമാക്കുക.
23. മാനവികത എന്നാലെന്ത് ? വ്യക്തമാക്കുക.
24. കോപ്പർനിക്കസ് വിപ്ലവം എന്നാൽ എന്ത്? വിശദമാക്കുക.
25. ആസ്ടെക് സംസ്കാരത്തെക്കുറിച്ച് ലഘുവിവരണം എഴുതുക.
26. സർവ്വരാഷ്ട്ര സഖ്യത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം?

**27 മുതൽ 29 വരെയുള്ളവയിൽ ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**
**ഓരോന്നിനും 5 സ്കോർ വീതം.** **(2X5 = 10)**

27. ആസ്ട്രലോ പിത്തേക്കസും ഹോമോയും തമ്മിലുള്ള വ്യത്യാസങ്ങൾ ഏതെല്ലാം?
28. കാലം കണക്കാക്കൽ, ഗണിതശാസ്ത്രം എന്നീ രംഗങ്ങളിൽ മെസപ്പൊട്ടേമിയക്കാരുടെ സംഭാവനകൾ വിവരിക്കുക.
29. റോമാസാമ്രാജ്യത്തിലെ സാമൂഹ്യ വിഭാഗങ്ങളെ കുറിച്ച് വിവരിക്കുക.

**30 മുതൽ 32 വരെയുള്ളവയിൽ ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**
**ഓരോന്നിനും 8 സ്കോർ വീതം.** **(2X 8 =16)**

30. രണ്ടാം ലോകയുദ്ധത്തിന്റെ കാരണങ്ങളും ഫലങ്ങളും വിശകലനം ചെയ്യുക.
31. ഫ്യൂഡലിസം എന്നാൽ എന്ത്? അതിന്റെ മൂന്ന് ക്രമങ്ങളെ കുറിച്ച് വിവരിക്കുക.
32. വിജ്ഞാനം, സംസ്കാരം എന്നീ മേഖലകളിൽ ഇസ്ലാം നൽകിയ സംഭാവനകൾ വിവരിക്കുക.
    പരിഗണിക്കേണ്ട മേഖലകൾ - സൂഫിസം, സാഹിത്യം, വാസ്തുശില്പകല

# കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

**തിരുവനന്തപുരം**

## പതിനൊന്നാംതരം തുല്യതാപരീക്ഷ

## മാതൃകാചോദ്യപേപ്പർ – 2025

## പൊളിറ്റിക്കൽ സയൻസ്

**സമയം: 2½ മണിക്കൂർ** | **ആകെ സ്കോർ: 80**

---

**1 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ 16 സ്കോറിന് ഉത്തരമെഴുതുക**

1. 'അജ്ഞതയുടെ മൂടുപടം' എന്ന ആശയം അവതരിപ്പിച്ച് ആര്?
   a) ജെ എസ് മിൽ  b) ജോൺ റോൾസ്
   c) പ്ലേറ്റോ  d) അരിസ്റ്റോട്ടിൽ **(സ്കോർ – 1)**

2. 'എനിക്കൊരു സ്വപ്നമുണ്ട്' എന്ന വിഖ്യാത പ്രസംഗം ആരുടേതാണ് ?
   a) മാർട്ടിൻ ലൂഥർ കിംഗ്  b) ഗാന്ധിജി
   c) നെൽസൺ മണ്ടേല  d) ആങ്സാൻ സ്യൂകി **(സ്കോർ – 1)**

3. ഒറ്റപ്പെട്ടത് കണ്ടെത്തുക ?
   a) പ്രധാനമന്ത്രി  b) മുഖ്യമന്ത്രി
   c) ജില്ലാ കളക്ടർ  d) ഗവർണർ **(സ്കോർ – 1)**

4. ഇപ്പോഴത്തെ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ആര് ? **(സ്കോർ – 1)**

5. ദ്വിമണ്ഡല നിയമനിർമ്മാണ സഭയുള്ള ഇന്ത്യൻ സംസ്ഥാനം ഏതെന്ന് കണ്ടെത്തുക?
   a) കേരളം  b) തമിഴ്നാട്
   c) കർണ്ണാടക  d) പഞ്ചാബ് **(സ്കോർ – 2)**

6. ചുവടെ നൽകിയിരിക്കുന്ന ജുഡിഷ്യറിയുടെ ഘടന കാണിക്കുന്ന പിരമിഡ് പൂർത്തിയാക്കുക ?




**(സ്കോർ – 2)**

7. ചുവടെ നൽകിയിരിക്കുന്ന ചാർട്ട് പൂർത്തിയാക്കുക?




**(സ്കോർ – 2)**

8. ചില ഭരണവിഷയങ്ങൾ ചുവടെ കൊടുക്കുന്നു. അവയെ ശരിയായി പട്ടികപ്പെടുത്തുക.
   (വനം, ബാങ്കിംഗ്, വിദ്യാഭ്യാസം, കൃഷി , പോലീസ് , റയിൽവെ)

| കേന്ദ്ര ലിസ്റ്റ് | സംസ്ഥാന ലിസ്റ്റ് | കൺകറന്റ് ലിസ്റ്റ് |
|---|---|---|
| | | |

**(സ്കോർ – 3)**

9. **ചേരുംപടി ചേർക്കുക**

i) ഓൺ ലിബർട്ടി - മഹാത്മാഗാന്ധി
ii) ഹിന്ദ് സ്വരാജ് - ആങ്സാൻ സ്യൂകി
iii) സ്വാതന്ത്ര്യത്തിലേക്കുള്ള ദീർഘയാത്ര - ജെ എസ് മിൽ
iv) ഭയത്തിൽനിന്നുള്ള മോചനം - നെൽസൺ മണ്ഡേല **(സ്കോർ – 4)**

10. മറ്റുരാജ്യങ്ങളിൽനിന്നും ഇന്ത്യൻ ഭരണഘടനയിലേക്ക് കടം കൊണ്ടിട്ടുള്ള ചില വ്യവസ്ഥകൾ താഴെ കൊടുക്കുന്നു. അവയെ ശരിയായി പട്ടികപ്പെടുത്തുക.
(മൗലിക അവകാശങ്ങൾ, സ്വാതന്ത്ര്യം സമത്വം സാഹോദര്യം, നിയമവാഴ്ച, നിർദ്ദേശക തത്വങ്ങൾ)

i) ബ്രിട്ടൻ
ii) അയർലന്റ്
iii) അമേരിക്കൻ ഐക്യനാടുകൾ
iv) ഫ്രാൻസ് **(സ്കോർ – 4)**

**11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക ഓരോന്നിനും 3 സ്കോർ വീതം.**
**(4X3=12)**

11. ഇന്ത്യൻ രാഷ്ട്രപതിയുടെ ഏതെങ്കിലും മൂന്ന് വിവേചനാധികാരങ്ങൾ എഴുതുക ?
12. വികസനത്തിന്റെ സാമൂഹിക ചെലവിനെക്കുറിച്ച് ചുരുക്കി എഴുതുക.
13. ഇന്ത്യ ഭരണഘടനയ്ക്കെതിരായ മൂന്ന് വിമർശനങ്ങൾ എഴുതുക.
14. രാഷ്ട്രീയ സിദ്ധാന്തം പഠിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചുരുക്കി എഴുതുക.
15. രാഷ്ട്രീയ അവകാശങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക?

**16 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക ഓരോന്നിനും 4 സ്കോർ വീതം.**
**(4X4=16)**

16. ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മിഷന്റെ ചുമതലകൾ വിശദീകരിക്കുക.
17. ഇന്ത്യൻ പൗരത്വം ആർജ്ജിക്കുന്നതിനുള്ള ഏതെങ്കിലും നാല് മാർഗ്ഗങ്ങൾ എഴുതുക
18. ദേശീയതയുടെ ക്രിയാത്മകവും വിനാശകരവുമായ രൂപങ്ങൾ എഴുതുക
19. ഘടനാപരമായ ഹിംസയുടെ ഏതെങ്കിലും നാല് രൂപങ്ങൾ വിശദീകരിക്കുക
20. ഇന്ത്യയിൽ സ്വതന്ത്ര നീതിന്യായവ്യവസ്ഥ ഉറപ്പുവരുത്തുന്നതിന് ഭരണഘടന സ്വീകരിച്ചിട്ടുള്ള നാല് മാർഗ്ഗങ്ങൾ എഴുതുക.

**21 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 5 സ്കോർ വീതം.**
**(4X5=20)**

21. "ആധുനിക ജനാധിപത്യരാജ്യങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് ഒരു ഭരണഘടന അനിവാര്യമാണ്." ഭരണഘടനയുടെ ചുമതലകൾ വിശദമാക്കി ഈ പ്രസ്താവന സാധൂകരിക്കുക.
22. പാശ്ചാത്യ മതേതരത്വവും ഇന്ത്യൻ മതേതരത്വവും താരതമ്യം ചെയ്യുക.
23. നീതിയുടെ രണ്ട് തത്വങ്ങൾ ചുവടെ കൊടുക്കുന്നു. വിശദീകരിക്കുക.
    i) തുല്യനെ തുല്യരായി പരിഗണിക്കൽ
    ii) പ്രത്യേക ആവശ്യങ്ങൾ അംഗീകരിക്കൽ
24. ഇന്ത്യയിലെ നിയമനിർമാണ നടപടിക്രമങ്ങളെക്കുറിച്ച് വിശദീകരിക്കുക.
25. 73-ാം ഭരണഘടനാഭേദഗതിയിലെ വ്യവസ്ഥകൾ വിശദീകരിക്കുക.

**26 മുതൽ 28 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 8 സ്കോർ വീതം.**
**(2X8=16)**

26. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന മൗലിക അവകാശങ്ങളെക്കുറിച്ച് വിവരിക്കുക.
27. ഇന്ത്യൻ ഫെഡറലിസത്തിലെ ഏതെങ്കിലും നാല് തർക്കമേഖലകളെ കുറിച്ച് വിവരിക്കുക.
28. സമത്വം എന്നാൽ എന്ത്? സമത്വത്തിന്റെ മൂന്ന് തലങ്ങൾ വിശദീകരിക്കുക.

# കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

**തിരുവനന്തപുരം**

## പതിനൊന്നാംതരം തുല്യതാപരീക്ഷ

## മാതൃകാചോദ്യപേപ്പർ – 2025

**Part-III**

## സമൂഹശാസ്ത്രം

**സമയം: 2½ മണിക്കൂർ** **ആകെ സ്കോർ: 80**

**കൂൾ ഓഫ് സമയം: 15 മിനിറ്റ്**

**1 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 9 എണ്ണത്തിന് ഉത്തരമെഴുതുക. ഒരു സ്കോർ വീതം.** (9x1=9)

1. ഇന്ത്യയിലെ സ്ഥാപനവൽക്കരിക്കപ്പെട്ട സമൂഹ്യശാസ്ത്രത്തിന്റെ സ്ഥാപകൻ
   A) ജി. എസ്. ഘുര്യേ B) ശരത്ചന്ദ്രറോയ്
   C) ഡി.പി. മുഖർജി D) എം എൻ ശ്രീനിവാസ്
2. വ്യക്തികളുടെ പെരുമാറ്റത്തെ കുറിച്ചുള്ള സമഗ്രമായ പഠനമാണ്...........
   A) മനഃശാസ്ത്രം B) രാഷ്ട്രമീമാംസ
   C) സാമ്പത്തിക ശാസ്ത്രം D) നരവംശ ശാസ്ത്രം
3. രക്തബന്ധം വഴി ഉണ്ടാകുന്ന ബന്ധുത്വം ഏതാണ്?
   A) സഗോത്ര ബന്ധുത്വം B) വൈവാഹിക ബന്ധുത്വം
   C) ദിശാ കുടുംബം D) പ്രത്യുൽപ്പാദന കുടുംബം
4. നിലവിലുള്ള നിയമം ലംഘിക്കുന്ന ഒരു പ്രവൃത്തിയെ..... ........ എന്നറിയപ്പെടുന്നു
   A) സാമൂഹികനിയന്ത്രണം B) കുറ്റകൃത്യം
   C) സാമൂഹികഘടന D) മുൻവിധി
5. സ്വയം നിരീക്ഷിക്കാനും വിലയിരുത്താനും ഗവേഷകനുള്ള കഴിവാണ് ............
   A) നിഷ്പക്ഷത B) മുൻവിധി
   C) പക്ഷപാതം D) പ്രതിപതനം
6. മറ്റ് സംസ്കാരങ്ങളുടെ വ്യത്യസ്തതകൾക്ക് ആദരവും അംഗീകാരവും നൽകുന്നതിനെ ......... എന്ന് പറയുന്നു.
   A) ഉപസംസ്കാരം B) സാർവജനീനത
   C) വംശീയകേന്ദ്രോന്മുഖത D) സാംസ്കാരിക മാറ്റം
7. എമൈൽ ദുർഖീമിന്റെ പ്രധാന പുസ്തകമാണ് ..............
   A) പ്രൊട്ടസ്റ്റന്റ് ധർമ്മവും മുതലാളിത്തത്തിന്റെ സത്തയും B) ഇന്ത്യൻ വില്ലേജ്
   C) തൊഴിൽവിഭജനം D) മൂലധനം
8. ക്ഷേമരാഷ്ട്രം എന്ന ആശയം അവതരിപ്പിച്ചത് ആരാണ്?
   A) ഡി പി മുഖർജി B) എ ആർ ദേശായി
   C) എം എൻ ശ്രീനിവാസ് D) ജി എസ് ഘുര്യേ
9. സാധാരണയായി ചോദ്യം ചെയ്യപ്പെടാത്ത അധികാരമാണ് ............
   A) ആധിപത്യം B) നിയമം
   C) സാമൂഹ്യക്രമം D) സാമൂഹ്യമാറ്റം
10. ദീർഘകാലംകൊണ്ട് സാവധാനത്തിൽ നടക്കുന്ന മാറ്റമാണ് ...........
    A) വിപ്ലവം B) പരിണാമം
    C) ഘടനാപരമായ മാറ്റം D) തൊഴിൽവിഭജനം

**11 മുതൽ 15 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക. രണ്ട് സ്കോർ വീതം.** **(5X2=10)**

11. സമൂഹശാസ്ത്രസങ്കല്പത്തിന്റെ രണ്ടു സവിശേഷതകൾ എഴുതുക.
12. സാമൂഹിക ശ്രേണീകരണം എന്നാൽ എന്ത്?
13. വംശീയകേന്ദ്രോന്മുഖതയുടെ രണ്ട് പ്രത്യേകതകൾ എഴുതുക.
14. പരിസ്ഥിതിപ്രശ്നങ്ങൾ സാമൂഹ്യപ്രശ്നങ്ങളുമാണ് - എന്തുകൊണ്ട് ?
15. അന്യവൽക്കരണം എന്ന ആശയം എന്താണ്?

**16 മുതൽ 19 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(3X4=12)**

16. സംസ്കാരത്തിന്റെ വിവിധ മാനങ്ങൾ അനുയോജ്യമായ ഉദാഹരണങ്ങൾ നൽകി വിവരിക്കുക.
17. a) സജീവപാരമ്പര്യം എന്നത് ആരുടെ ആശയമാണ് ? **(1 സ്കോർ)**
    b) ഇന്ത്യൻ പാരമ്പര്യത്തിന്റെ മൂന്ന് പരിവർത്തനതത്വങ്ങൾ വിവരിക്കുക. **(3 സ്കോർ)**
18. സഹകരണവും സംഘർഷവും സാമൂഹ്യപ്രക്രിയ എന്ന നിലയിൽ തമ്മിൽ വേർതിരിച്ചെഴുതുക.
19. സർവേരീതികളുടെ പരിമിതികൾ വിശദീകരിക്കുക.

**20 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരം എഴുതുക. 5 സ്കോർ വീതം.** **(3X5=15)**

20. ജി എസ് ഘുര്യേ സൂചിപ്പിക്കുന്ന ജാതിയുടെ സവിശേഷതകൾ വിശദീകരിക്കുക.
21. ലളിതസമൂഹങ്ങളിലും ആധുനിക സങ്കീർണ്ണസമൂഹങ്ങളിലും കാണുന്ന വിദ്യാഭ്യാസത്തിന്റെ വ്യത്യാസങ്ങൾ പട്ടികപ്പെടുത്തുക.
22. വിഭവശോഷണവും ആഗോളതാപനവും എങ്ങനെയാണ് പ്രധാന പരിസ്ഥിതിപ്രശ്നങ്ങൾ ആയി മാറുന്നത്. സാധൂകരിക്കുക.
23. ചേരുംപടി ചേർക്കുക.

| A | B |
|---|---|
| ത്രികോണമാപനം | റിമെബേർഡ് വില്ലേജ് |
| മലിനോവ്സ്കി | സ്ട്രീറ്റ് കോർണർ സൊസൈറ്റി |
| എം എൻ ശ്രീനിവാസ് | പ്രാതിനിധ്യ സ്വഭാവമുള്ള ഒരു ചെറിയ ഭാഗം |
| വില്യംഫൂട്ട് വൈറ്റ് | ഒന്നിലധികം രീതികൾ ഉപയോഗിക്കുന്നത് |
| സാമ്പിൾ | ഫീൽഡ് വർക്ക് |

**24 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരം എഴുതുക. 6 സ്കോർ വീതം.** **(3X6=18)**

24. എമൈൽ ദുർഖീമിന്റെ യാന്ത്രിക ഐക്യദാർഢ്യവും ജൈവ ഐക്യദാർഢ്യവും തമ്മിലുള്ള വ്യത്യാസങ്ങൾ വിവരിക്കുക.
25. a) ആദർശമാതൃക എന്ന ആശയം വിശദീകരിക്കുക.
    b) വെബറിന്റെ ഉദ്യോഗസ്ഥവൃന്ദ സിദ്ധാന്തത്തിന്റെ സവിശേഷതകൾ വിലയിരുത്തുക.
26. കുടുംബത്തിന്റെ വിവിധരൂപങ്ങളെക്കുറിച്ച് വിശദീകരിക്കുക.
27. സാമൂഹീകരണത്തെ സഹായിക്കുന്ന വിവിധ ഏജൻസികളുടെ പങ്ക് വിശകലനം ചെയ്യുക.

**28 മുതൽ 30 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരം എഴുതുക. 8 സ്കോർ വീതം.** **(2x8=16)**

28. a) സാമൂഹ്യസംഘം എന്ന ആശയം വിശദമാക്കുക. **(2 സ്കോർ)**
    b) വിവിധ തരം സാമൂഹ്യസംഘങ്ങളെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക. **(6 സ്കോർ)**
29. a) സാമൂഹ്യമാറ്റത്തിന്റെ സവിശേഷതകൾ വിശദമാക്കുക. **(2സ്കോർ)**
    b) സാമൂഹ്യമാറ്റത്തിനുള്ള പ്രധാന കാരണങ്ങൾ വിവരിക്കുക. **(6 സ്കോർ)**
30. സമൂഹശാസ്ത്ര നിർമ്മിതിയിൽ ബൗദ്ധിക ആശയങ്ങൾക്കും ഭൗതികസാഹചര്യങ്ങൾക്കുമുള്ള പങ്ക് വിശകലനം ചെയ്യുക.

# കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

തിരുവനന്തപുരം

**ഒന്നാംവർഷ ഹയർ സെക്കൻഡറി തുല്യതാ പരീക്ഷ 2025**

## പരീക്ഷാകുറിപ്പുകളും പ്രധാന പാഠഭാഗങ്ങളും

**പാർട്ട്- III**

## അക്കൗണ്ടൻസി

ഭാഗം-1

1. **അക്കൗണ്ടിംഗിന്റെ ആമുഖം**
   **(പ്രതീക്ഷിക്കാവുന്ന പരമാവധി ചോദ്യങ്ങൾ: 11 സ്കോർ)**
   അക്കൗണ്ടിംഗിന്റെ ധർമ്മങ്ങൾ/ ലക്ഷ്യങ്ങൾ
   അക്കൗണ്ടുകൾക്കുണ്ടായിരിക്കേണ്ട ഗുണസവിശേഷതകൾ
   ആന്തരികകക്ഷികളും ബാഹ്യകക്ഷികളും
   അടിസ്ഥാനപദങ്ങൾ: മൂലധനം, തൻചെലവ്, ആസ്തികൾ, ബാധ്യതകൾ, വരുമാനം, ചെലവുകൾ.
2. **അക്കൗണ്ടൻസി- തത്വങ്ങളുംസങ്കല്പങ്ങളും**
   **(പ്രതീക്ഷിക്കാവുന്ന പരമാവധി ചോദ്യങ്ങൾ: 10 സ്കോർ)**
   പൊതുവായി അംഗീകരിക്കപ്പെട്ട തത്വങ്ങൾ (GAAP): ബിസിനസ്സിന്റെ അസ്തിത്വം, പണം അളവുകോൽ, തുടർച്ചയായ നിലനിൽപ്പ്, അക്കൗണ്ടിംഗ് കാലയളവ്, ദ്വിമുഖ രേഖപ്പെടുത്തൽ, വരുമാനനിർണയം, സമീകരിക്കൽ, സമ്പൂർണ്ണവെളിപ്പെടുത്തൽ, സ്ഥിരത നിലനിർത്തുക, കരുതൽ എടുക്കുക, പ്രസക്തി സാധൂകരിക്കുക, വസ്തുനിഷ്ഠത തെളിയിക്കുക.
   ഡബിൾ എൻട്രി, സിങ്കിൾ എൻട്രി രീതികൾ.
3. **ഇടപാടുകളുടെ രേഖപ്പെടുത്തൽ- 1**
   **(പ്രതീക്ഷിക്കാവുന്ന പരമാവധി ചോദ്യങ്ങൾ: 13 സ്കോർ)**
   ഉറവിടരേഖകൾ/ വൗച്ചറുകൾ
   അക്കൗണ്ടിംഗ് സമവാക്യം
   അക്കൗണ്ടിംഗ് സമവാക്യത്തിന്റെ പട്ടിക തയാറാക്കൽ
   ഡെബിറ്റ്- ക്രെഡിറ്റ് നിയമങ്ങൾ
   ജേർണൽ - ജേർണർഎൻട്രികൾ തയാറാക്കൽ **(8 സ്കോർചോദ്യം)**
   ലെഡ്ജർ - ജേർണലും ലെഡ്ജറും തമ്മിലുള്ള വ്യത്യാസങ്ങൾ
4. **ഇടപാടുകളുടെ രേഖപ്പെടുത്തൽ- 2**
   **(പ്രതീക്ഷിക്കാവുന്ന പരമാവധി ചോദ്യങ്ങൾ: 13 സ്കോർ)**
   പ്രത്യേക ജേർണലുകളുടെ പ്രയോജനങ്ങൾ, ക്യാഷ്ബുക്ക്
   ഇരട്ടക്കോളം ക്യാഷ് ബുക്ക് തയാറാക്കൽ **(8 സ്കോർചോദ്യം)**
   പെറ്റിക്യാഷ് ബുക്ക് തയാറാക്കൽ, പർച്ചേയ്സ് ബുക്ക് തയാറാക്കൽ
   സെയിൽസ്ബുക്ക് തയാറാക്കൽ, ഡെബിറ്റ്നോട്ട്, ക്രെഡിറ്റ്നോട്ട്
   ജേർണൽ പ്രോപ്പറിൽ രേഖപ്പെടുത്തുന്ന ഇടപാടുകൾ
5. **ബാങ്ക്പൊരുത്തപ്പെടുത്തൽ സ്റ്റേറ്റ്മെന്റ്**
   **(പ്രതീക്ഷിക്കാവുന്ന പരമാവധി ചോദ്യങ്ങൾ: 11സ്കോർ)**
   ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിന്റെ പ്രത്യേകതകൾ
   വ്യത്യാസത്തിനുള്ള കാരണങ്ങൾ
   ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയാറാക്കൽ

**6. ട്രയൽ ബാലൻസും തെറ്റുകളുടെ തിരുത്തലുകളും**

**(പ്രതീക്ഷിക്കാവുന്ന പരമാവധി ചോദ്യങ്ങൾ: 11 സ്കോർ)**

ട്രയൽ ബാലൻസിന്റെ പ്രത്യേകതകൾ

ട്രയൽ ബാലൻസ് തയാറാക്കുന്നതിന്റെ ഉദ്ദേശ്യങ്ങൾ

ട്രയൽ ബാലൻസ് തയാറാക്കുന്ന വിവിധരീതികൾ

സമീകരിച്ച തുക ഉപയോഗിച്ച് ട്രയൽ ബാലൻസ് തയാറാക്കൽ

തെറ്റുകളെ തരംതിരിക്കൽ

തെറ്റുതിരുത്തുന്നതിനുള്ള ജേർണൽ എൻട്രികൾ

സസ്പെൻസ് അക്കൗണ്ട്

**7. ആസ്തികളുടെ മൂല്യക്ഷയം**

**(പ്രതീക്ഷിക്കാവുന്ന പരമാവധി ചോദ്യങ്ങൾ: 9 സ്കോർ)**

മൂല്യക്ഷയചെലവിന്റെ പ്രത്യേകതകൾ, മൂല്യക്ഷയത്തിന്റെ കാരണങ്ങൾ

മൂല്യക്ഷയ തുകയെ ബാധിക്കുന്ന ഘടകങ്ങൾ, നേർരേഖരീതി

നീക്കിയിരിപ്പ് മൂല്യരീതി, ഇവ തമ്മിലുള്ള വ്യത്യാസങ്ങൾ

രണ്ട് രീതിയിലും അസറ്റ് (മെഷിണിറി) അക്കൗണ്ട് തയാറാക്കൽ

കരുതലും (റിസർവ്വ്), മാറ്റിവയ്ക്കലും (പ്രോവിഷൻ) തമ്മിലുള്ള വ്യത്യാസങ്ങൾ

**ചോദ്യപേപ്പറിൽനിന്നും ഒഴിവാക്കിയ പാഠഭാഗങ്ങൾ:**

8. വിനിമയബില്ലുകൾ

**ഭാഗം – 2**

**9. ധനകാര്യ സ്റ്റേറ്റ്മെന്റുകൾ – 1**

**(പ്രതീക്ഷിക്കാവുന്ന പരമാവധി ചോദ്യങ്ങൾ: 8സ്കോർ)**

മൂലധനചെലുകളും റവന്യൂചെലവുകളും തമ്മിലുള്ള വ്യത്യാസങ്ങൾ

കോസ്റ്റ് ഓഫ് ഗുഡ്സ് സോൾഡ് (വിറ്റസാധനങ്ങളുടെ വില)

ട്രേഡിങ്ങ് അക്കൗണ്ട്- ഗ്രോസ്സ് പ്രോഫിറ്റ്, ഡയറക്ട് എക്സ്പെൻസുകൾ

പ്രോഫിറ്റ് & ലോസ് അക്കൗണ്ട്- നെറ്റ്പ്രോഫിറ്റ്

ക്ലോസിങ്ങ് ജേർണൽ എൻട്രികൾ

ബാലൻസ്ഷീറ്റ്, മാർഷലിങ്ങ് (ക്രമീകരിക്കൽ)

**10. ധനകാര്യ സ്റ്റേറ്റ്മെന്റുകൾ – 2**

**(പ്രതീക്ഷിക്കാവുന്ന പരമാവധി ചോദ്യങ്ങൾ: 18 സ്കോർ)**

അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ (അഡ്ജസ്റ്റ്മെന്റുകൾ) - ക്ലോസിങ്ങ്സ്റ്റോക്ക്, കുടിശ്ശികചെലവുകൾ, മുൻകൂർനൽകിയ ചെലവുകൾ, കുടിശ്ശികവരുമാനം, മുൻകൂർ ലഭിച്ച വരുമാനം, തേയ്മാനം (മൂല്യക്ഷയം), കിട്ടാക്കടം, സംശാസ്പദകടത്തിനുള്ള കരുതൽ, ഡെബ്റ്റേഴ്സിനു കിഴിവ് നൽകാനുള്ള കരുതൽ, മൂലധനപലിശ.

നൽകിയിട്ടുള്ള ട്രയൽ ബാലൻസ് (ലെഡ്ജർ അക്കൗണ്ട് ബാലൻസുകൾ) അഡ്ജസ്റ്റുമെന്റുകൾഎന്നിവയിൽ നിന്നും ട്രേഡിംഗ്, പ്രോഫിറ്റ് & ലോസ് അക്കൗണ്ട് ബാലൻസ് ഷീറ്റ് എന്നിവ തയാറാക്കൽ **(8 സ്കോർചോദ്യം)**

**ചോദ്യപേപ്പറിൽനിന്നും ഒഴിവാക്കിയ പാഠഭാഗങ്ങൾ:**

11. അപൂർണരേഖകളിൽനിന്നുള്ള അക്കൗണ്ടുകൾ
12. അക്കൗണ്ടിംഗിൽ കമ്പ്യൂട്ടറുകളുടെ ഉപയോഗങ്ങൾ
13. കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് സമ്പ്രദായം
14. അക്കൗണ്ടിംഗ് ഡേറ്റാബേസ് രൂപപ്പെടുത്തൽ
15. ഡേറ്റാബേസ്മാനേജ്മെന്റ് സിസ്റ്റം ഉപയോഗിച്ചുകൊണ്ടുള്ള അക്കൗണ്ടിംഗ് സമ്പ്രദായം

(NB: അക്കൗണ്ടൻസിപരീക്ഷയിൽ 30% അധികചോദ്യങ്ങൾ ഉൾപ്പെടെ 104 സ്കോറിനുള്ള ചോദ്യങ്ങൾ ഉണ്ടാവും. ഓരോ വിഭാഗത്തിലെയും നിർദ്ദേശമനുസരിച്ച് പരമാവധി 80 സ്കോറിനുള്ള ചോദ്യങ്ങൾക്കാണ് ഉത്തരമെഴുതേണ്ടത്)

# കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

തിരുവനന്തപുരം

## പതിനൊന്നാംതരം തുല്യതാപരീക്ഷ

## മാതൃകാചോദ്യപേപ്പർ – 2025

**Part-III**

## അക്കൗണ്ടൻസി

**സമയം: 2½ മണിക്കൂർ** **ആകെ സ്കോർ: 80**

**I. 1 മുതൽ10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക.** **1 സ്കോർവീതം**
**(8 X 1 സ്കോർ= 8 സ്കോർ)**

1. ഒരു ബിസിനസിന്റെ അദൃശ്യ ആസ്തികളിൽ ഉൾപ്പെടുന്നത് ഏത്?
   (a) ബാങ്കിലെ പണം (b) സാധനങ്ങളുടെ സ്റ്റോക്ക്
   (c) ഗുഡ് വിൽ (d) വിവിധ കടക്കാർ
2. സാധനങ്ങളുടെയോ സേവനങ്ങളുടെയോ ഉത്പാദനം, വിപണനം എന്നിവയ്ക്കായി വിനിയോഗിക്കുന്ന തുകയുടെ പേര് എന്ത്?
   (a) വരവ് (b) ചെലവ്
   (c) ലാഭം (d) നഷ്ടം
3. പ്രഥമരേഖപ്പെടുത്തൽ ബുക്കിന്റെ പേര് എന്ത്?
   (a) ലെഡ്ജർ (b) ജേർണൽ
   (c) അക്കൗണ്ട് (d) ബാലൻസ് ഷീറ്റ്
4. ജേർണലിലെ 'LF' കോളത്തിൽ രേഖപ്പെടുത്തുന്നത് എപ്പോൾ?
   (a) ബാലൻസിങ് (b) പോസ്റ്റിംഗ്
   (c) ജേണലൈസിംഗ് (d) വർഷാവസാനം
5. ക്യാഷ് ബുക്ക് ഏതിൽ ഉൾപ്പെടുന്നു?
   (a) സബ്സിഡിയറി ബുക്ക് (b) ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്
   (c) ലെഡ്ജർ (d) ജേണൽ പ്രോപ്പർ
6. ട്രയൽ ബാലൻസിൽ വ്യതിയാനമുണ്ടാക്കുന്ന തെറ്റ്/പിശകുകൾ ഏത്?
   (a) തത്വത്തിലെ പിശകുകൾ (b) ഭാഗിക ഒഴിവാക്കലിന്റെ പിശകുകൾ
   (c) പൂർണ്ണ ഒഴിവാക്കലിന്റെ പിശകുകൾ (d) നഷ്ടപരിഹാര പിശകുകൾ
7. സ്ഥിരം ആസ്തികൾക്ക് വിലയിടിവ് സംഭവിക്കുന്നതിനെ എന്ത് വിളിക്കുന്നു ?
   (a) മൂല്യക്ഷയം (b) കരുതൽ ധനം
   (c) പ്രൊവിഷൻ (d) കിഴിവ്
8. കിട്ടാക്കടം ബാലൻസ്ഷീറ്റിൽ ഏത് ഇനത്തിൽനിന്നുമാണ് കുറയ്ക്കേണ്ടത് ?
   (a) കയ്യിലുള്ള പണം (b) സാധനങ്ങളുടെ സ്റ്റോക്ക്
   (c) കടക്കാർ (d) സ്ഥിര ആസ്തികൾ
9. മുൻകൂർ നല്കിയ തൊഴിലാളികളുടെ കൂലി എന്താണ്?
   (a) ആസ്തി (b) ബാധ്യത
   (c) ചെലവ് (d) വരവ്
10. മൂലധനത്തിനുള്ള പലിശ ബാലൻസ് ഷീറ്റിന്റെ ബാധ്യതാവശത്തുള്ള ഏത് ഇനത്തിനോട് ആണ് കൂട്ടേണ്ടത് ?
   (a) ബാങ്ക് ഓവർഡ്രാഫ്റ്റ് (b) മൂലധനം
   (c) കടക്കാർ (d) കുടിശ്ശിക ചെലവുകൾ

**II. 11 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർവീതം**

**(5 X 2 സ്കോർ= 10 സ്കോർ)**

11. ഒരു ബിസിനസിലെ ഹ്രസ്വകാല ബാധ്യതകളുടെ ഏതെങ്കിലും രണ്ട് ഉദാഹരണങ്ങൾ എഴുതുക.
12. നല്കിയിട്ടുള്ള വാക്യത്തിൽ പ്രതിപാദിക്കുന്ന അക്കൗണ്ടിംഗ് ആശയം ഏതെന്നു വിശദമാക്കുക:
    'ബിസിനസ്സിന്റെ ഫലങ്ങളും സാമ്പത്തികസ്ഥിതിയും അറിയാൻ ബിസിനസ് അടച്ചുപൂട്ടുന്നതുവരെ ഒരു ബിസിനസുകാരന് കാത്തിരിക്കാനാവില്ല'.
13. ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചുരുക്കി വിശദീകരിക്കുക.
14. ട്രയൽ ബാലൻസിൽ ക്രെഡിറ്റ് ബാലൻസായി ഉൾപ്പെടുത്തുന്ന ലെഡ്ജർ അക്കൗണ്ടുകൾ മാത്രം തിരഞ്ഞെടുത്ത് എഴുതുക:
    ക്യാഷ്, ബാങ്ക് ഓവർ ഡ്രാഫ്റ്റ്, ക്യാപിറ്റൽ, സെയിൽസ്, സെയിൽസ് റിട്ടേൺ, ഫർണിച്ചർ, ഡ്രോയിംഗ്സ്, ക്രെഡിറ്റേഴ്സ്
15. താഴെപ്പറയുന്ന സാഹചര്യങ്ങളിൽ മാനേജർമാരുടെ കമ്മീഷൻ 10% നിരക്കിൽ കണക്കാക്കുക. അത്തരം കമ്മീഷൻ ഈടാക്കുന്നതിനു മുമ്പുള്ള ബിസിനസിന്റെ അറ്റാദായം 88,000 രൂപയാണ്.
    (a) കമ്മീഷൻ ഈടാക്കുന്നതിനു മുമ്പുള്ള അറ്റാദായം.
    (b) കമ്മീഷൻ ഈടാക്കിയതിനു ശേഷമുള്ള അറ്റാദായം.
16. ആവശ്യമായ നീക്കുപോക്ക് ജേർണൽ എൻട്രികൾ എഴുതുക.
    (a) കുടിശ്ശിക ശമ്പളം 2,000 രൂപ.
    (b) പലിശ ലഭിക്കാത്തത് 1,500 രൂപ.

**III. 17 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർവീതം**

**(5 X 3 സ്കോർ= 15 സ്കോർ)**

17. അക്കൗണ്ടിംഗ് പഠനവിഷയത്തിന്റെ ഏതെങ്കിലും മൂന്ന് ഉപ - ശാഖകളുടെ പേര് എഴുതുക .
18. നൽകിയിരിക്കുന്ന സമവാക്യം അടിസ്ഥാനമായുള്ള അക്കൗണ്ടിംഗ് ആശയം ഏതെന്ന് കണ്ടെത്തി വിവരിക്കുക.
    "ആസ്തികൾ= ബാധ്യതകൾ+ മൂലധനം"
19. താഴെ നൽകിയിരിക്കുന്ന വിശദാംശങ്ങളിൽനിന്നും പ്രാരംഭ ജേർണൽ എൻട്രി എഴുതുക .
    കയ്യിലുള്ള പണം 38,000 രൂപ, സാധനങ്ങളുടെ സ്റ്റോക്ക് 12,000 രൂപ,
    വിവിധ കടക്കാർ 10,000 രൂപ, ഫർണിച്ചർ 16,000 രൂപ.
20. ഒരു ട്രയൽ ബാലൻസ് തയ്യാറാക്കുന്നതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം?
21. മൂല്യക്ഷയം കണക്കാക്കുന്നതിനുള്ള നേർരേഖ - ന്യൂന നീക്കിയിരിപ്പ് രീതികൾ തമ്മിലുള്ള വ്യത്യാസങ്ങൾ എഴുതുക.
22. ഒരു ഏകാംഗ വ്യാപാര സ്ഥാപനത്തിൽ വർഷാവസാനം തയ്യാറാക്കേണ്ട ധനകാര്യ രേഖകളെക്കുറിച്ച് വിശദീകരിക്കുക .

**IV. 23 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം**

**(4 X 4 സ്കോർ= 16 സ്കോർ)**

23. അക്കൗണ്ടിംഗ് വിവരങ്ങളുടെ ബാഹ്യ ഉപയോക്താക്കളുടെ നാല് ഉദാഹരണങ്ങൾ എഴുതുക .
24. ജനറൽ ജേർണലിൽ/ജേർണൽ പ്രൊപ്പറിൽ രേഖപ്പെടുത്തുന്ന ഇടപാടുകളുടെ ഏതെങ്കിലും നാല് ഉദാഹരണങ്ങൾ നൽകുക.
25. ക്യാഷ് ബുക്ക് / പാസ് ബുക്ക് പ്രകാരമുള്ള ഓവർ ഡ്രാഫ്റ്റ് വർദ്ധിപ്പിക്കുന്ന ഇടപാടുകൾക്ക് നാല് ഉദാഹരണങ്ങൾ എഴുതുക .
26. വിശദാംശങ്ങളിൽനിന്നും വിറ്റ സാധനങ്ങളുടെ ചെലവുതുക കണ്ടുപിടിക്കുക:
    വാങ്ങിയ വില 1,00,000 രൂപ, ക്രയമടക്കം 10,000 രൂപ
    പ്രാരംഭ സ്റ്റോക്ക് 40,000 രൂപ, സമാപ്ത സ്റ്റോക്ക് 50,000 രൂപ
    കൂലി കൊടുത്തത് 20,000രൂപ
27. നൽകിയിരിക്കുന്ന വ്യത്യസ്ത സാഹചര്യങ്ങളിൽ കിട്ടാക്കടം വാർഷിക ധനകാര്യ രേഖകളിൽ എങ്ങനെ

ഉൾപ്പെടുത്തുമെന്ന് വിശദമാക്കുക.

(a) കിട്ടാക്കടം ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിരിക്കുന്നു.

(b) കിട്ടാക്കടം ഒരു നീക്കുപോക്കായി നൽകിയിരിക്കുന്നു.

**V. 28 മുതൽ 31 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർവീതം.**

**(3 X 5 സ്കോർ = 15 സ്കോർ )**

28. നൽകിയിരിക്കുന്ന അക്കൗണ്ടിംഗ് ആശയങ്ങൾ വിവരിക്കുക:

(a) ബിസിനസിന്റെ അസ്തിത്വം

(b) ദ്വിമുഖരേഖപ്പെടുത്തൽ

(c) പണം അളവുകോൽ

(d) പ്രസക്തി സാധൂകരിക്കുക

(e) കരുതൽ എടുക്കുക

29. വിശദാംശങ്ങളിൽനിന്നും 31/01/ 2024ലെ ഒരു ബാങ്ക് അനുരഞ്ജനപ്പട്ടിക തയ്യാറാക്കുക .

(a) കാഷ് ബുക്ക് പ്രകാരമുള്ള ബാലൻസ് 60,000 രൂപ

(b) ഇഷ്യൂ ചെയ്തെങ്കിലും പണമായി മാറ്റിയിട്ടില്ലാത്ത ചെക്ക് 8,000 രൂപ.

(c) നിക്ഷേപിച്ചെങ്കിലും ശേഖരിച്ചിട്ടില്ലാത്ത ചെക്ക് 4,000 രൂപ.

(d) ഒരു ഉപഭോക്താവ് ബാങ്കിലേക്ക് നേരിട്ട് പണമടച്ചത് 7000 രൂപ.

(e) പാസ് ബുക്കിൽ മാത്രം ഡെബിറ്റ് ചെയ്ത ബാങ്ക് ചാർജ് 200 രൂപ.

30. നൽകിയിരിക്കുന്ന ലെഡ്ജർ അക്കൗണ്ട് ബാലൻസുകളിൽനിന്ന് 31/03/2024 ന് ഒരു ട്രയൽ ബാലൻസ് തയ്യാറാക്കുക:

മൂലധനം 1,95,000 രൂപ ഡ്രോയിംഗുകൾ 50,000 രൂപ

കൈയിലുള്ള പണം 24,000 രൂപ കെട്ടിടങ്ങൾ 1,29,000 രൂപ

വിൽപ്പന 1,60,000 രൂപ ഡെപ്റ്റേഴ്സ് 44,000 രൂപ

ബാങ്കിലെ പണം 65,000 രൂപ വാങ്ങലുകൾ 20,000 രൂപ

ക്രെഡിറ്റേഴ്സ് 45,000 രൂപ ഓപ്പണിംഗ് സ്റ്റോക്ക് 68,000 രൂപ

31. 1/4/2022 ന് ഗോപാൽ അസോസിയേറ്റ്സ് 50,000 രൂപയുടെ മെഷിണറി വാങ്ങി, 5,000 രൂപ സ്ഥാപിക്കുന്നതിന് ചെലവഴിച്ചു. ആയുർദൈർഘ്യം 10 വർഷമായി നിശ്ചയിച്ചിട്ടുള്ള ഈ മെഷിണറി വിറ്റാൽ ലഭിക്കുന്ന ആക്രിവില 10,000 രൂപയാണ്. നേർരേഖാരീതിയിൽ തേയ്മാനചെലവ് കണക്കിലെടുത്ത് ആദ്യ രണ്ടുവർഷത്തെ മെഷിണറി അക്കൗണ്ട് തയ്യാറാക്കുക.

**VI. 32 മുതൽ 34 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർവീതം.**

**(2 X 8 സ്കോർ = 16 സ്കോർ )**

32. നൽകിയിരിക്കുന്ന ഇടപാടുകളുടെ ജേർണൽ എൻട്രികൾ എഴുതുക:

1/3/2024 ബിസിനസ് ആരംഭിക്കാൻ കൊണ്ടുവന്ന പണം 1,00,000 രൂപ

2/3/2024 ബാങ്ക് അക്കൗണ്ട് ആരംഭിക്കാൻ നിക്ഷേപിച്ചത് 50,000 രൂപ

3/3/2024 പണം കൊടുത്ത് ഫർണിച്ചർ വാങ്ങിയത് 20,000 രൂപ

4/3/2024 സ്വകാര്യ ആവശ്യങ്ങൾക്ക് ബാങ്കിൽനിന്നും പണം പിൻവലിച്ചത് 10,000 രൂപ.

5/3/2024 റൊക്കം പണത്തിന് സാധനങ്ങൾ വിറ്റത് 5,000 രൂപ

6/3/2024 ശമ്പളം ചെക്കിലൂടെ നൽകിയത് 8,000 രൂപ.

7/3/2024 ബാങ്കിൽ പണം നിക്ഷേപിച്ചത് 10,000 രൂപ

8/3/2023 അനാഥാലയത്തിന് 2,000 രൂപയുടെ സാധനങ്ങൾ സംഭാവനയായി നൽകി.

33. ക്യാഷ്, ബാങ്ക് കോളങ്ങൾ ഉൾപ്പെടുന്ന ഒരു ക്യാഷ് ബുക്കിൽ, നൽകിയിരിക്കുന്ന ഇടപാടുകൾ രേഖപ്പെടുത്തുക.

1/3/2024. കൈവശമുള്ള പണം 8,000 രൂപ, ബാങ്കിലുള്ള പണം 25,000 രൂപ.

2/3/2024 റൊക്ക വില്പന 10,000 രൂപ.

5/3/2024 ബാങ്കിൽ നിക്ഷേപിച്ചത് 10,000 രൂപ.

12/3/2024 റൊക്ക വാങ്ങൽ 5,000 രൂപ.

18/3/2024 ശമ്പളം ചെക്കിലൂടെ നൽകിയത് 8,000 രൂപ.

22/3/2024 മാത്യുവിൽനിന്ന് ലഭിച്ചത് 4,000 രൂപ.

26/3/2024 ബാങ്കിൽനിന്നും പിൻവലിച്ചത് 5,000രൂപ.

30/3/2024 രാജേഷിന് ചെക്കിലൂടെ നൽകി 6,000 രൂപ.

34. 31/3/2024 ലെ ട്രേഡിങ്ങ്, പ്രോഫിറ്റ് & ലോസ് അക്കൗണ്ടും ബാലൻസ്ഷീറ്റും നല്കിയിരിക്കുന്ന ലെഡ്ജർ ബാലൻസുകളിൽനിന്നും തയ്യാറാക്കുക.

| **ഡെബിറ്റ് ബാലൻസുകൾ** | **രൂപ** | **ക്രെഡിറ്റ് ബാലൻസുകൾ** | **രൂപ** |
|---|---|---|---|
| പർച്ചേയ്സ് | 2,00,000 | സെയിൽസ് | 3,60,000 |
| ക്യാഷ് | 24,000 | ക്രെഡിറ്റേഴ്സ് | 60,000 |
| ഓപ്പണിംഗ് സ്റ്റോക്ക് | 72,000 | കമ്മീഷൻ | 20,000 |
| ഡെപ്റ്റേഴ്സ് | 88,000 | മൂലധനം | 1,60,000 |
| ഫർണിച്ചർ | 32,000 | **ആകെ** | **6,00,000** |
| മെഷിണറി | 56,000 | | |
| കൂലി | 8,000 | | |
| ശമ്പളം | 48,000 | | |
| ഓഫീസ് ചെലവുകൾ | 64,000 | | |
| തൻപറ്റ് | 8,000 | | |
| **ആകെ** | **6,00,000** | | |

**അധികവിവരങ്ങൾ:**

(a) വർഷാന്ത്യസ്റ്റോക്കിന്റെ വില 60,000 രൂപ.

(b) ശമ്പളക്കുടിശ്ശികയുള്ളത് 4,000 രൂപ.

(c) പ്രതിവർഷം 10% നിരക്കിൽ ഫർണിച്ചറിന് തേയ്മാന ചെലവ് കണക്കാക്കണം.

(d) കിട്ടാക്കടത്തിനുള്ള കരുതൽ ഡെപ്റ്റേഴ്സിന്റെ 5% ആണ്.

# കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

**തിരുവനന്തപുരം**

## പതിനൊന്നാംതരം തുല്യതാപരീക്ഷ

## മാതൃകാചോദ്യപേപ്പർ - 2025

**Part-III**

## ഇക്കണോമിക്സ്

**സമയം: 2½ മണിക്കൂർ** **ആകെ സ്കോർ: 80**

Cool-off Time :15 min

**1 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം. (8X1=8)**

1. ഇന്ത്യയിൽ ആദ്യത്തെ റെയിൽ ഗതാഗതം ആരംഭിച്ചത് എവിടെയായിരുന്നു?
   a) ഡൽഹി b) കൽക്കട്ട
   c) മുംബൈ d) തിരുവനന്തപുരം
2. ഇന്ത്യയിലെ ഗ്രാമീണവ്യവസായങ്ങളെയും ചെറുകിട വ്യവസായങ്ങളെയും പഠിക്കുന്നതിനായി 1955ൽ നിയമിക്കപ്പെട്ട കമ്മിറ്റി ഏത്?
   a) കാർവെ കമ്മിറ്റി b) അലുവാലിയ കമ്മിറ്റി
   c) വില്യം ബെന്റിക് കമ്മിറ്റി d) വെല്ലസ്ലി കമ്മിറ്റി
3. ഇന്ത്യയിൽ ദരിദ്രരെ നിശ്ചയിക്കാനായി ആദ്യമായി രൂപരേഖ തയ്യാറാക്കിയ വ്യക്തി ആര്?
   a) ദാദാബായി നവറോജി b) മഹാത്മാ ഗാന്ധി
   c) ജവഹർലാൽ നെഹ്റു d) അംബേദ്കർ
4. ഗ്രാമീണ കാർഷികമേഖലയിലെ വായ്പാ സംവിധാനം നിയന്ത്രിക്കുന്ന ഉന്നതാധികാരസ്ഥാപനം.
   a) സഹകരണ ബാങ്കുകൾ b) കാർഷിക വികസനബാങ്കുകൾ
   c) നബാർഡ് d) റിസർവ് ബാങ്ക് ഓഫ് ഇന്ത്യ
5. താഴെ പറയുന്നവയിൽ പാരമ്പര്യേതര ഊർജമായി കണക്കാക്കാൻ കഴിയുന്ന ഏത്?
   a) കൽക്കരി b) പെട്രോളിയം
   c) സൗരോർജം d) ഇവയൊന്നുമല്ല
6. ആവശ്യമായതിനേക്കാളേറെ ആളുകൾ തൊഴിലിന് നിയോഗിക്കപ്പെടുമ്പോഴുണ്ടാകുന്ന തൊഴിലില്ലായ്മയുടെ പേര്?
   a) കാലിക തൊഴിലില്ലായ്മ b) ടെക്നിക്കൽ തൊഴില്ലായ്മ
   c) സൈക്ലിക്കൽ തൊഴിലില്ലായ്മ d) പ്രച്ഛന്ന തൊഴിലില്ലായ്മ
7. ആഗോളതാപനത്തിന്റെ പ്രത്യാഘാതം താഴെപറയുന്നവയിൽ ഏതാണ്?
   a) ഉഷ്ണമേഖലാരോഗങ്ങൾ വർദ്ധിക്കും b) പെട്രോളിയം സമ്പത്തിൽ കുറവുണ്ടാക്കും
   c) NIFE യുടെ ഗാഢത വർദ്ധിക്കും d) മനുഷ്യന്റെ ജീവിതനിലവാരം ഉയരും
8. യഥാർഥ സർവെ നടത്തുന്നതിനു മുൻപുള്ള പരീക്ഷണസർവേ ഏതു പേരിലാണ് അറിയപ്പെടുന്നത്?
   a) പ്രാഥമിക സർവ്വേ b) ദ്വിതീയ സർവ്വേ
   c) സെൻസെസ് സർവ്വേ d) പൈലറ്റ് സർവ്വേ
9. സാമൂഹ്യസ്ഥിതി, ഭൗതികസ്ഥിതി, ദേശീയത മുതലായവയുടെ അടിസ്ഥാനത്തിൽ ദത്തങ്ങളെ വർഗീകരിക്കുന്നത്:
   a) അളവുപരമായ വർഗീകരണം b) കാലസൂചകമായ വർഗീകരണം
   c) സ്ഥലപരമായ വർഗീകരണം d) ഗുണപരമായ വർഗീകരണം
10. r ന്റെ മൂല്യം -1 ആയാൽ ചരണങ്ങൾ തമ്മിലുള്ള ബന്ധം:
    a) പോസിറ്റീവ് സഹബന്ധം b) സഹബന്ധമില്ല
    c) നെഗറ്റീവ് സഹബന്ധം d) പൂർണ്ണ നെഗറ്റീവ് സഹബന്ധം

**11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം**

11. സൂചകാങ്കങ്ങളുടെ രണ്ട് ഉപയോഗങ്ങൾ എഴുതുക:
12. പ്രോജക്ട് തയ്യാറാകുന്നതിനുള്ള ഘടകങ്ങൾ ഏവ?
13. സന്തതചരവും അസന്തതചരവും തമ്മിലുള്ള വ്യത്യാസമെന്ത്?
14. മുതലാളിത്ത സമ്പദ്വ്യവസ്ഥയും സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥയും തമ്മിലുള്ള വ്യത്യാസങ്ങൾ എഴുതുക.
15. 1991 ലെ സാമ്പത്തിക പരിഷ്കാരങ്ങൾ മൂലം ഇന്ത്യയിലുണ്ടായ രണ്ടു പ്രധാനപ്പെട്ട മാറ്റങ്ങൾ എഴുതുക.

**16. മുതൽ 20 വരെയുള്ള വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.**

16. ബ്രിട്ടിഷ് ഭരണകാലത്ത് ഇന്ത്യൻ കാർഷിക മേഖല സ്തംഭനാവസ്ഥയിലാകുവാൻ കാരണമെന്ത്?
17. ഇന്ത്യൻ സാമ്പത്തികാസൂത്രണത്തിന്റെ ലക്ഷ്യങ്ങൾ എന്തായിരുന്നു?
18. ഒരു പട്ടികയുടെ പ്രധാനഭാഗങ്ങൾ ഏവ?
19. സൂചകാങ്കങ്ങൾ നിർമ്മിക്കുമ്പോഴുള്ള പ്രധാനപ്രശ്നങ്ങൾ ഏവ?
20. ഒരു നല്ല ചോദ്യാവലിയുടെ ഏതെങ്കിലും മൂന്ന് ഗുണങ്ങൾ എഴുതുക.

**21 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം**

**(4X4=16)**

21. കാർഷികമേഖലയിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിക്കപ്പെട്ട ഒരു ബൃഹദ് സംരംഭമാണ് ഹരിതവിപ്ലവം.
    a) ഹരിത വിപ്ലവത്തിന്റെ 2 ഗുണങ്ങൾ എഴുതുക. b) ഹരിത വിപ്ലവത്തെ വിമർശനാത്മകമായി വിലയിരുത്തുക.
22. a) 1991ൽ ഇന്ത്യ പുത്തൻ സാമ്പത്തിക നയങ്ങളിലേക്ക് ചുവടുവയ്ക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുക.?
    b) പുത്തൻ സാമ്പത്തിക നയത്തിന്റെ ഫലമായി കാർഷികമേഖലയ്ക്ക് അഭിമുഖീകരിക്കേണ്ടിവന്ന പ്രശ്നങ്ങൾ ഏവ?
23. a) ഇന്ത്യയിലെ രണ്ട് സവിശേഷതകൾ എഴുതുക.
    b) ദാരിദ്ര്യരേഖ എന്തെന്ന് വ്യക്തമാക്കുക.
    c) ഇന്ത്യയിൽ ദാരിദ്ര്യത്തിന്റെ ഏതെങ്കിലും നാല് കാരണങ്ങൾ എഴുതുക.
24. a) താഴെ തന്നിരിക്കുന്ന പട്ടിക ഉപയോഗിച്ച് സിമ്പിൾ അഗ്രഗേറ്റീവ് വിലസൂചിക കണ്ടെത്തുക.

| സാധനങ്ങൾ | അടിസ്ഥാനവർഷ വില | തന്നാണ്ട് വില |
|---|---|---|
| A | 4 | 8 |
| B | 10 | 12 |
| C | 8 | 10 |
| D | 4 | 6 |

    b) മുകളിൽ തന്നിരിക്കുന്ന ചോദ്യം ഉപയോഗിച്ച് സിമ്പിൾ ശരാശരി ആപേക്ഷിക വിലസൂചിക കണക്കാക്കുക.
25. a) ഇന്ത്യയിലെ പ്രധാന ഊർജസ്രോതസുകൾ ഏതെല്ലാം?
    b) ഊർജമേഖലയിലെ പ്രധാനവെല്ലുവിളികൾ ഏവ?

**26 മുതൽ 30 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**

**5 സ്കോർ വീതം. (4X5=20)**

26. ഇന്ത്യ, ചൈന, പാകിസ്ഥാൻ എന്നീ രാജ്യങ്ങളുടെ വികസനതന്ത്രങ്ങൾ താരതമ്യം ചെയ്യുക.
27. a) ദത്തങ്ങൾ ശേഖരിക്കുന്നതിനുള്ള പ്രധാന ഉറവിടങ്ങൾ ഏതെല്ലാം?
    b) ചോദ്യാവലി തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?
    c) വ്യക്തികളുമായുള്ള അഭിമുഖരീതിയുടെ രണ്ട് ഗുണങ്ങളും രണ്ട് ദോഷങ്ങളും എഴുതുക.
28. a) ബാർ ഡയഗ്രവും ഹിസ്റ്റോഗ്രാമും തമ്മിലുള്ള രണ്ട് വ്യത്യാസങ്ങൾ എഴുതുക.
    b) താഴെ തന്നിരിക്കുന്ന ദത്തങ്ങളുപയോഗിച്ച് ഹിസ്റ്റോഗ്രാം വരച്ച് മോഡ് കണ്ടെത്തുക.

| മാർക്ക് | കുട്ടികളുടെ എണ്ണം |
|---|---|
| 0 - 10 | 5 |
| 10 - 20 | 8 |
| 20 - 30 | 12 |
| 30 - 40 | 10 |
| 40 - 50 | 5 |
| 50 - 60 | 4 |

29. ഒരു ക്ലാസ് പരീക്ഷയിൽ 40 കുട്ടികൾക്ക് സാമ്പത്തിക ശാസ്ത്രത്തിൽ ലഭിച്ച മാർക്ക് ചുവടെ തന്നിരിക്കുന്നു. ക്ലാസ് ഇന്റർവെൽ 10 വരുന്ന വിധത്തിൽ ആവൃത്തി വിതരണം നിർമ്മിക്കുക.

| | | | | | | | |
|---|---|---|---|---|---|---|---|
| 20 | 24 | 26 | 12 | 8 | 60 | 80 | 92 |
| 60 | 42 | 64 | 70 | 18 | 6 | 8 | 39 |
| 40 | 50 | 60 | 70 | 80 | 36 | 5 | 2 |
| 12 | 60 | 30 | 26 | 40 | 60 | 70 | 42 |
| 10 | 20 | 30 | 40 | 50 | 62 | 74 | 99 |

30. a) മനുഷ്യമൂലധനത്തിന്റെ പ്രധാന ഉറവിടങ്ങൾ ഏവ?
    b) മനുഷ്യമൂലധനവും സാമ്പത്തികവളർച്ചയും തമ്മിലുള്ള ബന്ധമെന്ത്?

**31 മുതൽ 33 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**
**8 സ്കോർ വീതം** **(2X8=16)**

31. a) സുസ്ഥിരവികസനത്തിന്റെ പ്രാധാന്യമെന്ത്?
    b) സുസ്ഥിരവികസനത്തിനായി സ്വികരിക്കാവുന്ന തന്ത്രങ്ങൾ ഏവ?
    c) പരിസ്ഥിതിപ്രശ്നങ്ങളിൽ മുൻഗണന നൽകി പരിഹരിക്കേണ്ട പ്രശ്നങ്ങൾ ഏതെല്ലാം?
32. a) ഇന്ത്യയിൽ ദാരിദ്ര്യനിർമാർജനത്തിനായി നടപ്പിലാക്കിയ ഏതെങ്കിലും 6 പദ്ധതികളുടെ പേര് എഴുതുക? ഇവയുടെ ലക്ഷ്യം വിശദമാക്കുക.
    b) ഇന്ത്യയിൽ ദാരിദ്ര്യനിർമാർജന പരിപാടികളുടെ 2 പോരായ്മകൾ എഴുതുക.
33.

| മാർക്ക് | ആവൃത്തി |
|---|---|
| 0 - 20 | 2 |
| 20 - 40 | 3 |
| 40 - 60 | 8 |
| 60 - 80 | 15 |
| 80 - 100 | 20 |
| 100 - 120 | 10 |
| 120 - 140 | 12 |

    a) മീൻ, മീഡിയൻ, മോഡ് എന്നിവ കണ്ടെത്തുക.
    b) മാധ്യത്തിന്റെ കൗതുകകരമായ സവിശേഷത എഴുതുക.

**KERALA STATE LITERACY MISSION AUTHORITY**

**Thiruvananthapuram**

**FIRST YEAR HIGHER SECONDARY EQUIVALENCYMODEL EXAMINATION**

**MODEL QUESTION PAPER**

**PART- I**

**Time: 2.5 hrs** | **ENGLISH** | **Score: 80**

**Questions 1-4. Read the following lines and answer the questions that follow. Each question carries 1 score.** **(1x4 =4)**

She speaks not, moves not, scarce does breathe,
As she stands the trees beneath;
No sound she utters; and she soon,
Sees the child lift up its spoon,
And tap the snake upon the head,
Fearless of harm; and then she said,
As speaking to familiar mate, 'keep on your own side, do Grey Pate'

1. Identify the poem and poet.
2. What did she see?
3. What did the child do?
4. What did the child say to the snake?

**Questions5-8.Read the following passage and answer the questions that follow. Each question carries 1 score.** **(1x4 =4)**

The Keller homestead, where the family lived, was a few steps from our little rose-bower. It was called 'Ivy Green' because the house and the surrounding trees and fences were covered with beautiful English ivy. Its old-fashioned garden was the paradise of my childhood.

5, Where did the family live?
6, Why was the Keller homestead called 'Ivy Green'?
7. What does the author refer to here as paradise?
8. Identify the author.

**Questions 9 -12. Answer any three questions in two or three sentences. Each question carries 2 scores.** **(2x3= 6)**

9. Write two slogans against war.
10. Fill in the blanks with the correct form of the verbs given in brackets.
All of them together———(chase/ chased) him away. His eyes filled with tears, he went off, bearing the little child still ……. (wail/ wailing) its hunger.
11. Add suitable question tags to the following sentences.
a) Open the window, ……….? b) Ram loves games, …………?

12. Why did Grandmother accompany Kushwanth Singh to school?

**Questions 13- 19. Answer any five questions. Each question carries 4 scores. (4x5= 20)**

13. Write a profile of **M T Vasudevan Nair**, the famous Malayalam novelist who passed away recently, developing the hints given below.

**Madathu Thekkepaattu Vasudevan Nair**

| | | |
|---|---|---|
| Born | : | 1, July 1933. Kudallur. Tamil Nadu |
| Occupation | : | Novelist, short story writer, screenplay writer, film director |
| Notable works | : | Nalukettu, Randamoozham, Manju, Kalam, Iruttinte Athmavu. Etc. |
| Awards | : | Padma Vibhushan, Padma Bhushan, Kerala Jyothi, Jnanpith. Kendra Sahithya Akademi Award, Kerala Sahithya Academy Award, Etc |
| Spouse | : | Prameela |
| Died | : | 25December 2024 |

14. Prepare a likely newspaper report of the arrest of the beggar (nicknamed Bell), which would appear in the next day's newspaper.
15. How does the use of imager enhance the mood of the poem 'Refugee Mother and Child'?
16. Mahmood was a loving grandfather. Substantiate,
17. What is Smirnov's opinion about Mrs. Popov's confinement in the houser?
18. Why did Washington take charge of the construction of the Brooklyn Bridge?
19. What is necklacing?

**Questions 20-25.Answer any five questions with not less than 200 words. Each question carries 6 scores. (6x5= 30)**

20. Referring to the lesson 'The Story of My Life', prepare a write-up about the role of teachers in the overall development of the students.
21. The people in Mahmood, the kite maker's village, decide to conduct a kite flying competition in memory of Mahmood. Prepare a script for an announcement to introduce the programme.
22. Write a character sketch of Mrs. Popov.
23. After reading the lesson 'On Umbrella Morals', you decide to write an email to your friend describing the importance of generating values such as honesty and truthfulness in life. Prepare the email.
24. Khushwant's family decides to publish an obituary in the news paper to announce the death of the grandmother. Prepare the obituary.
25. Back home after his meeting with the Chinaman, Mikali writes his day's experience in a diary. Prepare the possible diary entry.

**Questions 26- 28. Answer any two of the following questions. Each question carries 8 scores. (8x2 = 16)**

26. Briefly narrate the story 'Maternity'
27. Write an essay on the role of adult education in the social, cultural and economic development of Kerala.
28. Write a critical appreciation of the poem 'My Cherry Tree'

***[Hints: - introductionÑ theme of the poem- explain the content of the poem- poetic devices,poetic form, structure and language of the poemÑ conclusion.Õ***

# കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

**തിരുവനന്തപുരം**

## പതിനൊന്നാംതരം തുല്യതാപരീക്ഷ

## മാതൃകാചോദ്യപേപ്പർ – 2025

## ബിസിനസ് സ്റ്റഡീസ്

**സമയം: 2½ മണിക്കൂർ** | **ആകെ സ്കോർ: 80**

**1 മുതൽ 10 വരെയുള്ള ഏതെങ്കിലും 8 ചോദ്യങ്ങൾക്ക് ഉത്തരം നൽകുക. ഓരോന്നിനും 1 സ്കോർ വീതം. (8X1= 8)**

1) ചുവടെ കൊടുത്തിട്ടുള്ളവയിൽ ഉൽപ്പാദന വ്യവസായത്തിൽ ഉൾപ്പെടാത്തത് ഏത്?
   a) അപഗ്രഥന വ്യവസായം  b) പ്രക്രിയപരമായ വ്യവസായം
   c) നിർമ്മാണ വ്യവസായം  d) കൂട്ടിയോജിപ്പിക്കൽ വ്യവസായം

2) വേറിട്ടത് കണ്ടെത്തുക:
   a) വകുപ്പുതല സംരംഭങ്ങൾ  b) ബഹുരാഷ്ട്ര കമ്പനികൾ
   c) സർക്കാർ കമ്പനി  d) പൊതു കോർപ്പറേഷനുകൾ

3) ഉപഭോക്താവിന്റെ അനന്തരാവകാശിക്കു മാത്രം നഷ്ടപരിഹാരം ലഭിക്കുവാൻ സാധിക്കുന്ന ഇൻഷുറൻസ് പോളിസിയാണ്?
   a) എൻഡോവ്മെന്റ് ലൈഫ് പോളിസി  b) ജോയിന്റ് ലൈഫ് പോളിസി
   c) ആജീവനാന്ത പോളിസി  d) ആന്വുറ്റി പോളിസി

4) ഇ-ബിസിനസ് ഇടപാടുകളിലെ രണ്ടു കക്ഷികളും ബിസിനസ് സ്ഥാപനങ്ങൾ ആയവയാണ്?
   a) ബി ടു ബി  b) ഇൻട്രാ-ബി
   c) ബി ടു സി  d) സി ടു സി

5) വാഹനങ്ങളിൽനിന്നും പുറത്തേക്കു വരുന്ന കാർബൺ മോണോക്സൈഡ് ........................ മലിനീകരണത്തിന് കാരണമാകുന്നു.
   a) ജലം  b) മണ്ണ്
   c) ശബ്ദം  d) വായു

6) താഴെ തന്നിരിക്കുന്നവയിൽ ഉടമസ്ഥതാ മൂലധനത്തിൽ പെടാത്തത് ഏത് ?
   a) ഇക്വിറ്റി ഓഹരികൾ  b) കടപ്പത്രങ്ങൾ
   c) മുൻഗണനാ ഓഹരികൾ  d) മാറ്റിവയ്ക്കപ്പെട്ട ലാഭം

7) വേറിട്ടത് കണ്ടെത്തുക:
   a) മൂലധനവകുപ്പ്  b) ലക്ഷ്യവകുപ്പ്
   c) ടേബിൾ എ  d) നാമവകുപ്പ്

8) വിട്ടുപോയ ഭാഗം പൂരിപ്പിക്കുക:

9) സ്വന്തം രാജ്യത്തുനിന്നും വിദേശരാജ്യത്തേക്ക് സാധനങ്ങളും സേവനങ്ങളും വിൽപ്പനയ്ക്ക് അയക്കുന്നതിനെ ........................... എന്ന് വിളിക്കും.

10) ഒരു ജോയിന്റ് സ്റ്റോക്ക് കമ്പിനിയിലെ അംഗങ്ങളെ ................................ എന്ന് വിളിക്കുന്നു.
   a) കോ-പാഴ്സനർമാർ  b) ഓഹരി ഉടമകൾ
   c) പങ്കാളികൾ  d) ഏക ഉടമസ്ഥൻ

**11 മുതൽ 16 വരെയുള്ള ഏതെങ്കിലും 5 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഓരോന്നിനും 2 സ്കോർ വീതം. (5X2=10)**

11) താഴെ കൊടുത്തിട്ടുള്ളവയെ ജനിതക വ്യവസായം, പ്രകൃതിജന്യ വ്യവസായം എന്നിങ്ങനെ തരംതിരിക്കുക:

മത്സ്യബന്ധനം, കോഴി വളർത്തൽ, സസ്യങ്ങളുടെ നഴ്സറി, ഭൂമിയിൽനിന്നും കൽക്കരി കുഴിച്ചെടുക്കൽ.

12) പങ്കാളിത്ത ബിസിനസിന്റെ രണ്ട് സവിശേഷതകൾ വ്യക്തമാക്കുക.
13) ഉൽപ്പന്നങ്ങളും സേവനങ്ങളും തമ്മിലുള്ള രണ്ട് വ്യത്യാസം രേഖപ്പെടുത്തുക.
14) ഇക്വിറ്റി ഓഹരികളെ അപേക്ഷിച്ച് മുൻഗണനാ ഓഹരികൾക്കുള്ള മേന്മകൾ ഏതെല്ലാം ?
15) ഓൺലൈൻ ഷോപ്പിങ്ങിൽ പണം നൽകാനായി ഉപയോഗിക്കാറുള്ള ഏതെങ്കിലും രണ്ട് രീതികൾ എഴുതുക.
16) അന്താരാഷ്ട്ര ബിസിനസ് പ്രവേശനത്തിനുള്ള ഏതെങ്കിലും രണ്ട് മാർഗങ്ങൾ പട്ടികപ്പെടുത്തുക.

**17 മുതൽ 22വരെയുള്ള ഏതെങ്കിലും 5 ചോദ്യങ്ങൾക്ക് ഉത്തരം നൽകുക. ഓരോന്നിനും 3 സ്കോർ വീതം. (5X3=15)**

17) ബിസിനസിലെ നഷ്ടസാധ്യതകളുടെ കാരണങ്ങൾ ഏതെല്ലാം?
18) ഇൻഷുറൻസിന്റെ മൂന്ന് ധർമ്മങ്ങൾ വിശദീകരിക്കുക.
19) ഒരു സ്വകാര്യകമ്പനിയുടെ ഏതെങ്കിലും മൂന്ന് വിശേഷാധികാരങ്ങൾ എഴുതുക.
20) ഇ - ബിസിനസിന്റെ ഏതെങ്കിലും മൂന്ന് പരിമിതികൾ വ്യക്തമാക്കുക.
21) ബിസിനസിന് അതിന്റെ ഉടമസ്ഥരോടുള്ള ഉത്തരവാദിത്തങ്ങൾ ഏതെല്ലാം.
22) ഉടമസ്ഥ മൂലധനവും വായ്പാമൂലധനവും തമ്മിലുള്ള മൂന്ന് വ്യത്യാസം പ്രസ്താവിക്കുക.

**23 മുതൽ 27 വരെയുള്ള ഏതെങ്കിലും 4 ചോദ്യത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 4 സ്കോർ വീതം. (4X4=16)**

23) ചെറുകിട ബിസിനസ് നേരിടുന്ന ഏതെങ്കിലും നാല് പ്രശ്നങ്ങൾ ചുരുക്കി വിവരിക്കുക.
24) വകുപ്പുതല സംരംഭങ്ങൾ എന്നാൽ എന്ത്? അവയുടെ രണ്ട് സവിശേഷതകൾ എഴുതുക.
25) ഓഹരിയും കടപ്പത്രവും തമ്മിലുള്ള വ്യത്യാസം കുറിക്കുക. (ഏതെങ്കിലും നാല് എണ്ണം)
26) കയറ്റുമതി നടപടികൾ വിശദീകരിക്കുക. (ഏതെങ്കിലും നാല് എണ്ണം)
27) മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ എന്നിവ തമ്മിലുള്ള ഏതെങ്കിലും നാല് വ്യത്യാസം രേഖപ്പെടുത്തുക.

**28 മുതൽ 31 വരെയുള്ള ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഓരോന്നിനും 5 സ്കോർ വീതം. (3X5 =15)**

**28) ചേരുംപടി ചേർക്കുക:**

| A | | B | |
|---|---|---|---|
| 1) | ധനതടസ്സം | a) | ഗതാഗത സൗകര്യങ്ങൾ |
| 2) | നഷ്ടസാധ്യതയുടെ തടസ്സം | b) | സംഭരണശാലകൾ |
| 3) | സ്ഥലതടസ്സം | c) | പരസ്യങ്ങൾ |
| 4) | അറിവിന്റെ തടസ്സം | d) | ഇൻഷുറൻസ് |
| 5) | സമയതടസ്സം | e) | ബാങ്കുകൾ |

29) ബഹുരാഷ്ട്ര കമ്പനികൾ എന്നാൽ എന്ത് ? അവയ്ക്ക് രണ്ട് ഉദാഹരണവും അതിന്റെ രണ്ട് ഗുണങ്ങളും എഴുതുക.

30) ബിസിനസിന് സാമൂഹിക ഉത്തരവാദിത്തം ഇല്ല - എന്ന വാദഗതിക്ക് ആധാരമായ ഘടകങ്ങൾ ഏതൊക്കെയെന്ന് വിശദീകരിക്കുക.
31) കമ്പനി രൂപീകരണത്തിൽ ഒരു പ്രൊമോട്ടർ ചെയ്തുതീർക്കേണ്ട വിവിധ ഘട്ടങ്ങൾ വിവരിക്കുക.

**32 മുതൽ 34 വരെയുള്ള ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരം നൽകുക. ഓരോന്നിനും 8 സ്കോർ വീതം.**

**(2X8=16)**

32) വാണിജ്യ ബാങ്കുകളുടെ ധർമ്മങ്ങൾ വിശദീകരിക്കുക.
33) ഡിപ്പാർട്ട്മെന്റ് സ്റ്റോർ, മൾട്ടിപ്പിൾ ഷോപ്പ് തമ്മിലുള്ള വ്യത്യാസം രേഖപ്പെടുത്തുക.
34) പങ്കാളിത്തബിസിനസ് എന്നാൽ എന്ത്? അവയുടെ മൂന്ന് ഗുണങ്ങളും മൂന്ന് പരിമിതികളും വിവരിക്കുക.

## കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

തിരുവനന്തപുരം

## പതിനൊന്നാംതരം തുല്യതാപരീക്ഷ

### മാതൃകാചോദ്യപേപ്പർ – 2023

PART -II

### ഹിന്ദി

**സമയം: 2½ മണിക്കൂർ** | **ആകെ സ്കോർ: 80**

**सूचनाः 1 से 6 तक के प्रश्नों के उत्तर कोष्ठक से चुनकर लिखें।** **(6x1=6)**

1 'आप भले तो ' किसकी रचना है?
( प्रेमचंद , श्रीमन्नारायण , अशोक वाजपेयी )

2 घमंडी की आँख में क्या आ गिरा ?
( तिनका , पानी , चींटी )

3 'मेरा सपना है' किस विधा की रचना है?
( कहानी , कविता , भाषण )

4 लेखक कब फल खाना पसंद करता ?
( रात में , दोपहर में , प्रातः काल में)

5 भीड़ कहाँ जमी थी ?
( सड़क पर, घर पर , छत पर )

6 लेखक दुनिया की तुलना किससे करते हैं ?
( संगमरमर के महल से , काँच के महल से , ईंट के महल से )

**सूचना : 7 से 10 तक के प्रश्नों में किन्हीं 2 के उत्तर लिखें।** **(2x2=4)**

7 'मेरे शब्द उछलकर उसे बीच में ही झेल लेना चाहते हैं। ' इससे आप ने क्या समझा ?

8 काँच के महल में घुसे दोनों कुत्तों के स्वभाव में आप क्या अंतर पाते हैं ?

9 'मगर इस धोखे में मेरा भी सहयोग था।' लेखक ऐसा क्यों कहते हैं ?

10 साइकिल सवारों का समझौता कैसे संपन्न हो गया ?

**सूचना:11 से 15 तक के प्रश्नों में से किन्हीं 3 के उत्तर लिखें।** **(3x4=12)**

11 जीवन वृत्त पढ़ें और अनुच्छेद लिखें।

| | |
|---|---|
| नाम | श्रीमन्नारायण |
| जन्म | 1912 |
| जन्मस्थान | इटावा |
| प्रमुख रचनाएँ | रोटी का राग , मानव |

12 दोहा पढ़ें और आशय लिखें।

बरसत हरषत लोग सब, करषत लखैं न कोइ।

तुलसी प्रजा सुभाग से, भूप भानु सो होइ॥

13 कवितांश पढ़ें और भावार्थ लिखें।

एक ऊँची इमारत की पाँचवीं मंजिल की

खिड़की से

एक आदमी ने अपने को बाहर फेंक दिया है!

मेरे शब्द उछलकर

उसे बीच में ही झेल लेना चाहते हैं

पर मैं हूँ

कि दौड़कर लिफ़्ट में चढ़

दफ़्तर तक जाता हूँ

पता लगाने

कि नई जगह पर नियुक्ति कब होगी!

14 कुत्तों के किस्सों से लेखक का मित्र क्या सबक सीख सकता है?

15 ये कथन पढ़ें और दुकानदार के चरित्र पर टिप्पणी लिखें।

"बाबूजी, बड़े मज़ेदार सेब आए हैं, - खास कश्मीर के।

आप ले जाएँ, खाकर तबीयत खुश हो जाएगी।"

16 सही मिलान करें। **(8x1=8)**

| | |
|---|---|
| Typist | संचिका |
| File | आरक्षण |
| Pay-in-Slip | बचत खाता |
| Manager | हस्ताक्षर |

| | |
|---|---|
| Reservation | टंकक |
| Signature | प्रबंधक |
| Instalment | जमा - पर्ची |
| Savings Account | किस्त |

**सूचना: गद्यांश पढ़ें और 17 और 1 8 के उत्तर लिखें।**

मेरा एक सपना है कि एक दिन यह देश ऊपर उठेगा और सही मायने में अपने सिद्धांतों को जी पाएगा। हम इस सत्य को प्रत्यक्ष मानते हैं कि सभी इंसान बराबर पैदा हुए हैं। मेरा एक सपना है कि एक दिन जार्जिया के लाल पहाड़ों में पूर्व गुलामों के पुत्र और गुलाम मालिकों के पुत्र भाईचारे की मेज़ पर एक साथ बैठ सकेंगे। मेरा एक सपना है कि एक दिन मिसिसिप्पी राज्य भी, जहाँ अन्याय और अत्याचार की तपिश है, एक आज़ादी और न्याय के नखलिस्तान में बदल जाएगा।

17 जार्जिया के लाल पहाडों से संबंधित उनका सपना क्या है? **(2)**

18 खंड का संक्षेपण करें। **(6)**

**सूचना: कवितांश पढ़ें और 19 से 21 तक के प्रश्नों के उत्तर लिखें।**

मैं झिझक उठा, हुआ बेचैन -सा,
लाल होकर आँख भी दुखने लगी।
मूँठ देने लोग कपड़े की लगे,
ऐंठ बेचारी दबे पाँवों भगी।
जब किसी ढब से निकल तिनका गया,
तब 'समझ' ने यों मुझे ताने दिए।
ऐंठता तू किसलिए इतना रहा,
एक तिनका है बहुत तेरे लिए।

19 'तिनका ' का समानार्थी शब्द लिखें **(1)**
( अशांत ,धूल , पैर )

20 आँख से तिनका निकालने के लिए लोगों ने क्या किया ? **(1)**

21 कवितांश की आस्वादन टिप्पणी लिखें। **(6)**

**सूचना: 22 से 26 तक के प्रश्नों में से किन्हीं 3 के उत्तर लिखें।** **(3x6=18)**

22 अठन्नी वापस लेने के लिए लेखक खोंचेवाले के पास गया। इस प्रसंग में दोनों के बीच के संभावित वार्तालाप लिखें।

23 मान लें, आपके द्वारा ही साइकिल सवारों के बीच का समझौता संपन्न हुआ था। उस दिन की डायरी लिखें।

24 कुत्तों की कहानी की ज़िक्र करते हुए मनुष्य के व्यवहार के बारे में लेखक अपने मित्र के नाम पत्र लिखता है। वह पत्र लिखें।

25 16 अक्टूबर को विश्व खाद्य दिवस (World Food Day) के रूप में मनाया जाता है। उचित पोस्टर तैयार करें।

26 अंग्रेज़ी संवाद का हिंदी में अनुवाद करें।

| | | |
|---|---|---|
| Ameesh | : | Sona, When did you arrive at the station? |
| Sona | : | I came here at 5 p.m. |
| Ameesh | : | Which train you are waiting for? |
| Sona | : | I am waiting for madras mail. |
| Ameesh | : | ok,see you. |

**सूचना: 27 से 30 तक के प्रश्नों में से किन्हीं 2 के उत्तर लिखें। (8x2=16)**

27 बाज़ार में नया मोबाइल फोन आया है। बिक्री केलिए आकर्षक विज्ञापन तैयार करें।

28 'वर्ण - भेद रहित विश्व ' विषय पर भाषण तैयार करें।

29 'शहरी आदमी अधिक स्वार्थी बनता जा रहा है। ' इस विषय पर लेख तैयार करें।

30 'छात्र जीवन पर सोशल मीडिया का प्रभाव' विषय पर संपादकीय तैयार करें।

# കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

**തിരുവനന്തപുരം**

## പതിനൊന്നാംതരം തുല്യതാപരീക്ഷ

## മാതൃകാചോദ്യപേപ്പർ – 2025

PART -II

## മലയാളം

**സമയം: 2½ മണിക്കൂർ** **ആകെ സ്കോർ: 80**

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരം എടുത്തെഴുതുക. സ്കോർ 1 വീതം.**

**(4x1=4)**

1. കേരളത്തിന്റെ ആദ്യത്തെ വിദ്യാഭ്യാസമന്ത്രി ആര്?
   (എം.പി.പോൾ, ജോസഫ് മുണ്ടശ്ശേരി, ഇ.എം.എസ് നമ്പൂതിരിപ്പാട്, കുട്ടികൃഷ്ണമാരാർ)
2. ശ്രീനാരായണ ഗുരുവിന്റെ ശിഷ്യനും സാമൂഹികപരിഷ്കർത്താവുമായ കവി ആര്?
   (കുമാരനാശാൻ, വൈലോപ്പിള്ളി, ഉള്ളൂർ, വള്ളത്തോൾ)
3. മലയാളത്തിലെ ലക്ഷണമൊത്ത ആദ്യനോവൽ ഏത്?
   (കുന്ദലത, മാർത്താണ്ഡവർമ്മ, ഇന്ദുലേഖ, ഘാതകവധം)
4. 'ഉജ്ജ്വല മുഹൂർത്തം' എന്ന കവിത ഏത് സമാഹാരത്തിൽനിന്ന് എടുത്തതാണ്?
   (കന്നിക്കൊയ്ത്ത്, ശ്രീരേഖ, വിട, കയ്പവല്ലരി)
5. രണ്ട് കരങ്ങളും കൊട്ടിച്ചിരിച്ചതാര്?
   (ഭീമൻ, ദുര്യോധനൻ, പാഞ്ചാലി, ധർമ്മപുത്രർ)

**ചേരുംപടി ചേർക്കുക.സ്കോർ 1 വീതം** **(4x1=4)**

| | | |
|---|---|---|
| 6. കിളിക്കൊഞ്ചൽ | - | ഇടപ്പള്ളി രാഘവൻപിള്ള |
| 7. വൃദ്ധസദനം | - | കല്യാണിക്കുട്ടി |
| 8. വാസനാവികൃതി | - | സിറിയക് ആന്റണി |
| 9. രമണൻ | - | കൊച്ചുസീത |

**വാക്യത്തിൽ പ്രയോഗിക്കുക.** **(സ്കോർ 1)**

10. നിറവേറ്റുക

**വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **(സ്കോർ 1)**

11. വളരെ ധൃതിയിൽ ശരവേഗത്തോടെ അയാൾ ഗ്രാമത്തിലേക്ക് നടന്നു.

**12 മുതൽ 17 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക.**

**സ്കോർ 2 വീതം** **(5x2=10)**)

12. മനുഷ്യർ അഗ്നിഹോത്രംപോലുള്ള യാഗങ്ങൾ ചെയ്യാൻ കാരണമെന്ത്?
13. സുന്ദരിയായ വെള്ളക്കാരിയെ പൊരിച്ച മീനിന്റെ മന്ത്രവാദിനിയായി കാണാൻ കഴിഞ്ഞതെങ്ങനെ?
14. ജലമേന്തി നിൽക്കുന്നൊരാറ്റിന്റെ മധ്യേ-

    ജലമില്ലെന്നുള്ളത്തിലോർത്തു പതുക്കെ

    ഇങ്ങനെയൊരു ഭ്രമം ഉണ്ടായത് ആർക്ക്? കാരണം എന്ത്?
15. അജ്ഞതകൊണ്ടുള്ള എന്തെല്ലാം ദോഷങ്ങളെക്കുറിച്ചാണ് ഗുരു അനുകമ്പാദശകത്തിൽ വിവരിക്കുന്നത്?
16. ഇടപ്പള്ളി രാഘവൻപിള്ളയെക്കുറിച്ച് ചങ്ങമ്പുഴ കൃഷ്ണപിള്ള പങ്കുവയ്ക്കുന്ന ഓർമ്മകളിൽ ഏതെങ്കിലും രണ്ട് സന്ദർഭങ്ങൾ എടുത്തെഴുതുക?
17. 'ദീർഘമാം തപസിനാൽ നേടിയ കരുത്തുണ്ട്'- ആർക്ക്? അതുകൊണ്ട് എന്ത് ചെയ്യാമെന്നാണ് സീതയോട് പറയുന്നത്?

**18 മുതൽ 22 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് നാലോ അഞ്ചോ വാക്യത്തിൽ ഉത്തരം എഴുതുക.**

**സ്കോർ 5 വീതം.** **(4x5=20)**)

18. ധനമോഹം വരുത്തിവയ്ക്കുന്ന വിനകൾ എന്തൊക്കെയാണെന്നാണ് പൂന്താനം പറയുന്നത്. ലഘുകുറിപ്പെഴുതുക.
19. യാത്രയ്ക്കുള്ള സമയം അടുത്തെന്നു തോന്നുന്ന വേളയിൽ ബഷീറിൽ ഉണ്ടാകുന്ന ചിന്തകൾ എന്തെല്ലാം? കുറിപ്പെഴുതുക?
20. ലീലയുടെ ഗുണവിശേഷങ്ങൾ എന്തൊക്കെയായിരുന്നു? വിശദീകരിക്കുക.
21. സിറിയക് ആന്റണിയെ വൃദ്ധസദനത്തിൽ എത്തിക്കാൻ സാറ നിരത്തുന്ന കാരണങ്ങൾ എന്തെല്ലാം? വിവരിക്കുക.
22. ഗാന്ധിജിയുടെ 'ദക്ഷിണാഫ്രിക്കയിലെ സത്യഗ്രഹം' എന്ന പുസ്തകത്തിൽ വെളിപ്പെടുത്തുന്ന ചരിത്രപരമായ വസ്തുതകൾ എന്തൊക്കെ? കുറിപ്പ് തയ്യാറാക്കുക.

**23 മുതൽ 27 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.**

**സ്കോർ 6 വീതം.** **(4x6=24)**

23. 'അരുളില്ലയതെങ്കിലസ്ഥിതോൽ

    സിരനാറുന്നൊരുടുമ്പു താനവൻ'... ഈ വരികളിലൂടെ മനുഷ്യശരീരത്തിന്റെ നശ്വരതയെക്കുറിച്ചുള്ള ഗുരുവിന്റെ കാഴ്ചപ്പാട് വ്യാഖ്യാനിച്ച് കുറിപ്പ് തയ്യാറാക്കുക.
24. രമണൻ പ്രചരിക്കണമെന്ന ആഗ്രഹത്തിന് പിറകിൽ ഒരു പകപോക്കലിന്റെ ആവേശംകൂടി ഉണ്ടായിരുന്നു എന്ന് പറയുന്നതെന്തുകൊണ്ട്? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക?
25. സംഘം കൃതികളെക്കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക.
26. തന്റെ ചുറ്റുമുള്ള സമൂഹത്തിന്റെ ദുഃസ്ഥിതിയാണ് പൂന്താനം ജ്ഞാനപ്പാനയിൽ വർണിച്ചിരിക്കുന്നത്. സമകാലിക ജീവിതസന്ദർഭങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് വിലയിരുത്തൽ കുറിപ്പ് തയ്യാറാക്കുക.
27. 'അനർഘനിമിഷം' എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി ജീവിതത്തെയും മരണത്തെയും കുറിച്ച് ബഷീറിനുള്ള ദർശനം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**28 മുതൽ 31 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.**

**സ്കോർ 8 വീതം.** **(2x8=16)**

28. ചിദാനന്ദത്തിന്റെ വിഹായസിലേക്കുയർന്ന അനസൂയയുടെ ആത്മഭാവങ്ങൾ ആനന്ദനിർവൃതിയടയുന്നത് സീതയുടെ കഥകൾ കേൾക്കുമ്പോഴാണ്. 'ഉജ്ജ്വലമുഹൂർത്തം' എന്ന കവിതയെ ആസ്പദമാക്കി അനസൂയ എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയ്യാറാക്കുക.

29. ഒരുവനെ കള്ളനും തെറ്റുകാരനുമൊക്കെയാക്കി തീർക്കുന്നത് ജന്മവാസനയാണെന്ന അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ. നിങ്ങളുടെ അഭിപ്രായംകൂടി ഉൾപ്പെടുത്തി 'വാസനാവികൃതി' എന്ന കഥയെ വിശകലനം ചെയ്ത് ഉപന്യസിക്കുക

30. പാണ്ഡവരുടെ ഇന്ദ്രപ്രസ്ഥം കാണാൻ എത്തിയ ദുര്യോധനനും കൂട്ടർക്കും പറ്റിയ അമളികൾ എന്തൊക്കെയായിരുന്നു. പാഠഭാഗത്തെ അടിസ്ഥാനമാക്കി ഉപന്യസിക്കുക.

31. സ്ത്രീകൾക്കുനേരെ പ്രയോഗിക്കുന്ന പ്രശംസാവചനങ്ങൾ സ്ത്രീകളുടെ വ്യക്തിത്വത്തെ എത്രത്തോളം മാനിക്കുന്നവയാണ്? 'ശ്രീഭഗവതി' എന്ന കഥയിലെ നായകന്റെ പരാമർശങ്ങൾകൂടി ഉൾപ്പെടുത്തി വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

# കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

തിരുവനന്തപുരം

## പതിനൊന്നാംതരം തുല്യതാ പരീക്ഷ

## മാതൃകാചോദ്യപേപ്പർ – 2025

PART -III

## ഗാന്ധിയൻ സ്റ്റഡീസ്

**TIME : 2 ½ hrs.** **SCORE : 60**

**പാർട്ട് – എ**

**1 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക.** **(1x8=8)**

1. ആധുനിക ഇന്ത്യയുടെ മുൻഗാമി എന്നറിയപ്പെടുന്ന വ്യക്തിയുടെ പേരെഴുതുക?
2. പ്രേതപ്പേടിക്ക് പരിഹാരമായി 'രാമനാമം' ഉരുവിടുവാൻ കൊച്ചുമോഹൻദാസിനെ ഉപദേശിച്ചതാര്?
3. 1904 – ൽ എം.കെ.ഗാന്ധി ആരംഭിച്ച പത്രത്തിന്റെ പേരെഴുതുക?
4. 1919 – ലെ പ്രസിദ്ധമായ കരിനിയമം എന്നറിയപ്പെടുന്ന നിയമം ഏതെന്ന് തിരിച്ചറിയുക.
5. നമ്മൾ ആത്മാർഥമായി ആപേക്ഷികസത്യത്തെ അനുഗമിച്ചാൽ അവസാനം നമ്മൾ ........................... ൽ എത്തിച്ചേരും.
6. സ്നേഹത്തിലൂടെയും സഹനത്തിലൂടെയും തെറ്റിൽനിന്നും എതിരാളിയെ രക്ഷിക്കുക എന്നത് .......... ന്റെ ലക്ഷ്യമാണ്.
7. ഭരണകൂടത്തിന് പൊതുവെ മൂന്ന് ശാഖകളുണ്ട്.

   (1) ......................., (2) ....................... , (3) ....................... എന്നിവ.
8. ഇക്കണോമിക് ഹിസ്റ്ററി ഓഫ് ഇന്ത്യ എന്ന പുസ്തകമെഴുതിയതാര്?

   a) ദാദാഭായ് നവറോജി b) എം കെ ഗാന്ധി c) ആർ സി ദത്ത് d) ജെ സി കുമരപ്പ
9. സർവോദയ എന്ന പദം എം.കെ. ഗാന്ധി നേടിയത് ................................................... ൽ നിന്നാണ്

   a) കിങ്ഡം ഓഫ് ഗോഡ് ഈസ് വിത്തിൻ യു

   b) അൺടു ദിസ് ലാസ്റ്റ്

   c) ദ ലൈറ്റ് ഓഫ് ഏഷ്യ

   d) ദ സോങ്ങ് സെലസ്റ്റിയൽ
10. മഹാത്മാഗാന്ധിയുടെ സ്വപ്നത്തിലുണ്ടായിരുന്ന മാതൃകാരാഷ്ട്രത്തിന്റെ പേരെഴുതുക.
11. വിനോബഭാവെ 1951 ൽ ആരംഭിച്ച ഇന്ത്യയിലെ ഇച്ഛാധീനമായ ഭൂപരിഷ്കരണ പ്രസ്ഥാനമേതെന്ന് തിരിച്ചറിയുക.

### പാർട്ട് – ബി

12. **തന്നിരിക്കുന്ന രണ്ട് പട്ടികകൾ ചേരുംപടി ചേർക്കുക** **(1x 4 =4)**

| എ | ബി |
|---|---|
| a) ലിയോ ടോൾസ്റ്റോയി | ദ കീ റ്റു തിയോസഫി |
| b) തോമസ് കാർലൈൽ | എക്കണോമി ഓഫ് പെർമനൻസ് |
| c) ജെ.സി.കുമാരപ്പ | ഹീറോസ് ആന്റ് ഹീറോ വർഷിപ്പ് |
| d) എച്ച് പി ബ്ലാവറ്റ്സ്കി | കിങ്ഡം ഓഫ് ഗോഡ് ഈസ് വിത്തിൻ യു |

### പാർട്ട് – സി

**13 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.** **(2x4 =8)**

13. ഇന്ത്യൻ സംസ്കാരത്തിന്റെ ഏതെങ്കിലും നാല് സവിശേഷതകൾ എഴുതുക.
14. പീറ്റർ മാരിറ്റ്സ് ബർഗ് സംഭവം വിശദമായി വിവരിക്കുക.
15. നിയമലംഘന പ്രസ്ഥാനത്തിന്റെ നാല് കാര്യപരിപാടികൾ എഴുതുക.
16. ധാർമ്മിക മതത്തെക്കുറിച്ച് ഒരു ചെറുകുറിപ്പ് തയ്യാറാക്കുക.
17. 'ടോട്ടൽ റവല്യൂഷൻ' ലളിതമായി വിവരിക്കുക.

### പാർട്ട് – ഡി

**18 മുതൽ 22 വരെയുള്ളവ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.** **(3x4 =12)**

18. മധ്യ കാലഘട്ടത്തിലെ ഇന്ത്യൻ സംസ്കാരത്തെക്കുറിച്ച് വിശകലനം നടത്തുക.
19. ലണ്ടൻ ജീവിതം എം.കെ.ഗാന്ധിയിൽ വരുത്തിയ ഏതെങ്കിലും ആറ് പരിണിത ഫലങ്ങൾ എഴുതുക.
20. സർവധർമ്മ സമഭാവ വിശദീകരിക്കുക.
21. രാഷ്ട്രത്തിന്റെ ഏതെങ്കിലും 3 ഘടകങ്ങൾ ലളിതമായി വിവരിക്കുക.
22. ഉൽപ്പാദന പ്രക്രിയയിൽ യന്ത്രങ്ങൾ ഉൾപ്പെടുത്തുന്നതിന് ഗാന്ധിജി ചില നിർദേശങ്ങൾ വച്ചിട്ടുണ്ട്. വിശദീകരിക്കുക.

### പാർട്ടി – ഇ

**23 മുതൽ 27 വരെയുള്ളവയിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.** **(4x4 =16)**

23. വൈക്കം സത്യഗ്രഹത്തിലും ഗുരുവായൂർ സത്യഗ്രഹത്തിലും ഗാന്ധിജിയുടെ പങ്ക് പരിശോധിക്കുക.
24. സൗത്താഫ്രിക്കയിലെ ഗാന്ധിജിയുടെ സമൂഹ ജീവിതപരീക്ഷണങ്ങൾ വിശദീകരിക്കുക.
25. സത്യഗ്രഹത്തിന്റെ ഏതെങ്കിലും എട്ട് നിയമങ്ങൾ എഴുതുക.
26. വികേന്ദ്രീകൃത സമ്പദ്‌വ്യവസ്ഥയുടെ മേന്മകൾ വിശദീകരിക്കുക.
27. ഗാന്ധിജിയുടെ സ്ത്രീകളെക്കുറിച്ചുള്ള കാഴ്ചപ്പാടിനെപ്പറ്റി കുറിപ്പ് തയ്യാറാക്കുക.

### പാർട്ട് – എഫ്

**28 മുതൽ 30 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക.** **(6x2 =12)**

28. മതം പ്രാവർത്തികമാക്കുന്നതിനുള്ള ഗാന്ധിയൻ മാർഗങ്ങൾ വിശദീകരിക്കുക.
29. വില്ലേജ് സ്വരാജിനെയും അതിന്റെ തത്വങ്ങളെയും പറ്റി ഉപന്യാസം തയ്യാറാക്കുക.
30. ഗാന്ധിജിയുടെ ഏതെങ്കിലും ആറ് സാമ്പത്തിക ആശയങ്ങൾ വിശദീകരിക്കുക.

# കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

തിരുവനന്തപുരം

**രണ്ടാം വർഷം ഹയർസെക്കൻഡറി തുല്യതാ പരീക്ഷ 2025**

## പരീക്ഷാ കുറിപ്പുകളും പ്രധാന പാഠഭാഗങ്ങളും

## ചരിത്രം

പ്രിയമുള്ള പഠിതാക്കളെ,

ഹയർ സെക്കൻഡറി രണ്ടാംവർഷ ചരിത്ര പാഠപുസ്തകത്തിൽ 14 പാഠങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അവയിൽ 12 എണ്ണം ഇന്ത്യാ ചരിത്രത്തിൽ നിന്നുള്ളവയും രണ്ടെണ്ണം കേരള ചരിത്രത്തിൽ നിന്നുള്ളവയുമാണ്. ഹാരപ്പൻ സംസ്കാരത്തിൽ തുടങ്ങി ഇന്ത്യാവിഭജനം വരെയുള്ള കാര്യങ്ങൾ 12 പ്രമേയങ്ങളിലായി പാഠപുസ്തകം ചർച്ച ചെയ്യുന്നു. കേരളചരിത്രത്തിന്റെ രണ്ട് പാഠങ്ങളിലായി പ്രാചീനകാലംമുതൽ ആധുനികകാലം വരെയുള്ള സംഭവങ്ങൾ വിവരിക്കുന്നു.

ഹയർസെക്കൻഡറി ചോദ്യപേപ്പറിന്റെ മാതൃക നിങ്ങൾ ഇതിനോടകം പരിചയപ്പെട്ടു കഴിഞ്ഞിട്ടുണ്ടാകും. ശരിയുത്തരം തെരഞ്ഞെടുത്ത് എഴുതാനുള്ള ആറു ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതണം. ചേരുംപടി ചേർക്കാനുള്ള ഒരു ചോദ്യവും കാലഗണനയ്ക്കനുസരിച്ച് എഴുതാനുള്ള ഒരു ചോദ്യവും ഉണ്ടാകും. അങ്ങനെ 12 മാർക്കിനുള്ള വസ്തുനിഷ്ഠ ചോദ്യങ്ങളോടൊപ്പം നാലു മാർക്കിന്റെ മാപ്പ് ചോദ്യംകൂടി ചേർത്താൽ ആകെ 16 മാർക്കിന് വസ്തുനിഷ്ഠ ചോദ്യങ്ങൾ പ്രതീക്ഷിക്കാം. ഇവ ഏത് പാഠങ്ങളിൽനിന്നു വേണമെങ്കിലും ചോദിക്കാം. മാപ്പ് ചോദ്യങ്ങൾക്ക് ഏറ്റവുമധികം സാധ്യതയുള്ള പാഠങ്ങൾ ഹാരപ്പൻ സംസ്കാരം, സാമൂഹിക വ്യവസ്ഥയും സാംസ്കാരിക വികാസവും ,1857 ലെ വിപ്ലവം തുടങ്ങിയവയാണ്.

ലഘു ചോദ്യങ്ങൾ എല്ലാം പാഠങ്ങളിൽനിന്നും ഉണ്ടാകും. ഉപന്യാസങ്ങൾ ചോദിക്കാൻ ഏറ്റവും സാധ്യതയുള്ള പാഠഭാഗങ്ങൾ ഹാരപ്പൻ സംസ്കാരം, സഞ്ചാരികളുടെ കാഴ്ചകളിലൂടെ, 1857 ലെ വിപ്ലവം, മഹാത്മാഗാന്ധിയും ദേശീയപ്രസ്ഥാനവും എന്നീ പാഠഭാഗങ്ങളാണ്.

കേരളചരിത്രത്തിൽനിന്നും താരതമ്യേന ചെറിയ മാർക്കിനുള്ള ചോദ്യങ്ങളേ ചോദിച്ചു കാണാറുള്ളൂ. ആധുനിക കേരളത്തിൽനിന്നും കാലഗണനയ്ക്കനുസരിച്ച് എഴുതാനുള്ള സംഭവങ്ങളുടെ വർഷങ്ങൾ മനഃപാഠമാക്കുന്നത് നന്നായിരിക്കും. ഗാന്ധിജിയുടെ പാഠത്തിൽനിന്നും കാലഗണനയ്ക്കനുസരിച്ച് എഴുതാനുള്ള ചോദ്യം ഉണ്ടാകാം.

തിണൈകളും അവയുടെ പ്രത്യേകതയും 1857 ലെ കലാപത്തിന്റെ നേതാക്കളും കേന്ദ്രങ്ങളും എന്നിവ സാധാരണഗതിയിൽ ചേരുംപടി ചേർക്കാനായി ചോദിച്ചു കാണാറുണ്ട്. മുൻ വർഷങ്ങളിലെ കുറച്ച് ചോദ്യപേപ്പറുകൾ ശേഖരിച്ച് ഓരോ പാഠഭാഗത്തിൽനിന്നും ആവർത്തിക്കുന്ന ചോദ്യങ്ങൾ മനസ്സിലാക്കുകയും പ്രസ്തുത പാഠഭാഗങ്ങളിലെ പ്രധാനപ്പെട്ട ചോദ്യങ്ങൾ പഠിക്കുന്നതും പരീക്ഷയ്ക്ക് വളരെ സഹായകരമാകും.

പുസ്തകത്തിന്റെ ഏത് ഭാഗത്തുനിന്നും ചോദ്യമുണ്ടാകാം എന്ന തിരിച്ചറിവോടെ അല്പം ശ്രദ്ധയോടെ വായിച്ചു പഠിച്ചു പോകുന്ന കുട്ടികളെ ഒരിക്കലും ചരിത്രപരീക്ഷ നിരാശപ്പെടുത്താറില്ല.

# കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

**തിരുവനന്തപുരം**

## പന്ത്രണ്ടാംതരം തുല്യതാപരീക്ഷ

## മാതൃകാചോദ്യപേപ്പർ – 2025

## ചരിത്രം

**സമയം: 2½ മണിക്കൂർ** **ആകെ സ്കോർ: 80**

**1 മുതൽ 6 വരെയുള്ളവയിൽ ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഓരോന്നിനും 1 സ്കോർ വീതം.**

**(4X1=4)**

1. താഴെപ്പറയുന്നവയിൽ ഗുരു നാനാക്കുമായി ബന്ധമുള്ളത് ഏത് ?
   a. വചനങ്ങൾ b. സിൽസിലകൾ
   c. ഭജനകൾ d. ഷബാദുകൾ
2. ഗരീബ് നവാസ് എന്നറിയപ്പെടുന്നത് ആര് ?
   a. ഖ്വാജാ മുയിനുദ്ദീൻ b. ബസവണ്ണ
   c. സുന്ദരാർ d. അപ്പാർ
3. കർണാടകത്തിലെ വീരശൈവ പ്രസ്ഥാനത്തിന്റെ സ്ഥാപകന്റെ പേരെഴുതുക.
   a. ആണ്ടാൾ b. ബാസവണ്ണ
   c കബീർ d. മീരാഭായി
4. നാലായിരദിവ്യപ്രബന്ധം ആരുമായി ബന്ധപ്പെട്ടിരിക്കുന്നു ?
   a. നായനാർമാർ b. വീരശൈവർ
   c. ആഴ്വാർമാർ d. സൂഫിസം
5. പത്മാവത് എഴുതിയത് ആര് ?
   a. സംബന്ധാർ b. അക്ബർ
   c. മാലിക് മുഹമ്മദ് ജയ്സി d. കബീർ
6. താരാട്ടുപാട്ടുകൾ അറിയപ്പെട്ടിരുന്നത് ?
   a. വചനങ്ങൾ b. ലൂരിനാമ
   c. ഷാദിനാമ d. സിയാറത്ത്

7. 'എ' കോളത്തിന് അനുയോജ്യമായവ 'ബി ' കോളത്തിൽനിന്ന് കണ്ടെത്തി എഴുതുക **4X1=4**

| A | B |
|---|---|
| മെഗസ്തനീസ് | ബ്രാഹ്മി ലിപി |
| കൗടില്യൻ | അലഹബാദ് സ്തംഭ ലിഖിതം |
| ഹരിസേനൻ | ഇൻഡിക്ക |
| ജെയിംസ് പ്രിൻസെപ് | അർത്ഥശാസ്ത്രം |

8. ചുവടെ തന്നിരിക്കുന്നവയെ കാലഗണനാക്രമത്തിൽ എഴുതുക. (4X1=4 )
   ഉപ്പ് സത്യഗ്രഹം ചമ്പാരൻ സത്യഗ്രഹം
   ക്വിറ്റ് ഇന്ത്യ പ്രസ്ഥാനം ഖേഡ സത്യഗ്രഹം

9. തന്നിരിക്കുന്ന പ്രാചീന ഇന്ത്യയുടെ രൂപരേഖയിൽ ചുവടെ പറയുന്ന സ്ഥലങ്ങൾ അടയാളപ്പെടുത്തുക. **(4X1=4)**

a. ഡൽഹി
b. ഝാൻസി
c. ആറ
d. കാൺപൂർ

**10 മുതൽ 18 വരെയുള്ളവയിൽ ഏതെങ്കിലും 8 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**
**ഓരോന്നിനും 2 സ്കോർ വീതം.** **(8X2=16)**

10. ഹാരപ്പൻ ലിപിയുടെ രണ്ടു സവിശേഷതകൾ എഴുതുക.
11. മഹാജനപദങ്ങളുടെ രണ്ട് പ്രത്യേകതകൾ എഴുതുക.
12. സിയാറത്ത്, ഖവാലി ഇവ എന്തെന്ന് വ്യക്തമാക്കുക.
13. മീരാഭായിയെ കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക.
14. മുഗളന്മാരുടെ ഏതെങ്കിലും രണ്ട് തലസ്ഥാനങ്ങളുടെ പേരെഴുതുക.
15. മുഗൾ രാജധാനിയിൽ നടത്തിയിരുന്ന രണ്ട് പ്രധാന ആഘോഷങ്ങൾ ഏതെല്ലാം?
16. ദീൻ ഇലാഹിയെക്കുറിച്ച് ലഘുകുറിപ്പ് എഴുതുക.
17. 1857ലെ കലാപവുമായി ബന്ധപ്പെട്ട ഏതെങ്കിലും രണ്ട് അഭ്യൂഹങ്ങൾ എഴുതുക.
18. ഏതെങ്കിലും രണ്ട് തിണൈകളുടെ പേരെഴുതുക.

**19 മുതൽ 21 വരെയുള്ളവയിൽ ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**
**ഓരോന്നിനും 3 സ്കോർ വീതം.** **(2X3=6)**

19. ബുദ്ധമത സംഘത്തെ കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക.
20. ജാലിയൻവാലാബാഗ് കൂട്ടക്കൊലയെ കുറിച്ച് ചുരുക്കി വിവരിക്കുക.
21. ഇന്ത്യാവിഭജനം സ്ത്രീകളെ എപ്രകാരമാണ് ബാധിച്ചത്?

**22 മുതൽ26 വരെയുള്ളവയിൽ ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**
**ഓരോന്നിനും 4 സ്കോർ വീതം.** **(4X4=16)**

22. ഹാരപ്പൻ സംസ്കാരത്തിന്റെ തകർച്ചയ്ക്കുള്ള കാരണങ്ങൾ എഴുതുക.
23. ചിഷ്തി ഖ്വാൻകയിലെ ജീവിതം വിവരിക്കുക.
24. വിജയനഗരത്തിലെ അമരനായകൻമാരെക്കുറിച്ച് വിവരിക്കുക.
25. മഹാശിലാസ്മാരകങ്ങളെ കുറിച്ച് വിവരിക്കുക.
26. ക്യാബിനറ്റ് മിഷന്റെ നിർദ്ദേശങ്ങൾ പട്ടികപ്പെടുത്തുക.

**27 മുതൽ 29 വരെയുള്ളവയിൽ ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**
**ഓരോന്നിനും 5 സ്കോർ വീതം.** **(2X5 = 10)**

27. ബുദ്ധമത തത്വങ്ങൾ ചുരുക്കി വിവരിക്കുക.
28. ഇന്ത്യാവിഭജനം സ്ത്രീകളെ എപ്രകാരമാണ് ബാധിച്ചത്?
29. പതിനാറു മഹാജനപദങ്ങളിൽ മഗധ എന്തുകൊണ്ടാണ് ശക്തമായി തീർന്നത് ?

**30 മുതൽ 32 വരെയുള്ളവയിൽ ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**
**ഓരോന്നിനും 8 സ്കോർ വീതം.** **(2X 8 =16)**

30. മോഹൻജൊദാരോയിലെ നഗരാസൂത്രണത്തെ കുറിച്ച് വിവരിക്കുക.
31. 1857ലെ കലാപത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുക.
32. മഹാത്മാ ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന പ്രധാനപ്പെട്ട സമരങ്ങളെക്കുറിച്ച് വിവരിക്കുക.

# കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

തിരുവനന്തപുരം

## പന്ത്രണ്ടാംതരം തുല്യതാപരീക്ഷ

### മാതൃകാചോദ്യപേപ്പർ – 2025

## പൊളിറ്റിക്കൽ സയൻസ്

**സമയം: 2½ മണിക്കൂർ** **ആകെ സ്കോർ: 80**

**1 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ 16 സ്കോറിന് ഉത്തരമെഴുതുക.**

1. 'വിധിയുമായുള്ള കൂടിക്കാഴ്ച' എന്ന പ്രസംഗം ആരുമായി ബന്ധപ്പെട്ടിരിക്കുന്നു?
   a) മഹാത്മാഗാന്ധി b) ജവഹർലാൽ നെഹ്റു
   c) സർദാർ പട്ടേൽ d) ഡോ.ബി ആർ അംബേദ്കർ **(സ്കോർ – 1)**
2. നർമ്മദ ബചാവോ ആന്ദോളനുമായി ബന്ധപ്പെട്ട നേതാവിനെ കണ്ടെത്തുക?
   a) മേധാ പഠ്കർ b) സുന്ദർ ലാൽ ബഹുഗുണ
   c) ലാൽ ഡംഗ d) നാം ദിലോ ദാസൽ **(സ്കോർ – 1)**
3. മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് തുടക്കം കുറിച്ച പ്രധാനമന്ത്രി ആര് ?
   a) വി.പി.സിംഗ് b) ഇന്ദിരാഗാന്ധി
   c) ജവഹർലാൽ നെഹ്റു d) രാജീവ് ഗാന്ധി **(സ്കോർ – 1)**
4. ആദ്യ ഭൗമ ഉച്ചകോടി നടന്നത് ബ്രസീലിലെ ....................................................... വച്ചാണ് ?
   a) പാരീസ് b) ലണ്ടൻ
   c) ന്യൂയോർക്ക് d) റിയോ ഡി ജനീറോ **(സ്കോർ – 1)**
5. ചുവടെ നൽകിയിട്ടുള്ള മുദ്രാവാക്യം ഉയർത്തിയ നേതാക്കളെ കണ്ടെത്തുക?
   i) ജയ് ജവാൻ ജയ് കിസാൻ
   ii) ഗരീബി ഹഠാവോ **(സ്കോർ – 2)**
6. ചുവടെ നൽകിയിരിക്കുന്നവയിൽനിന്നും സാർക്കിലെ (SAARC) രണ്ട് അംഗരാജ്യങ്ങളെ കണ്ടെത്തുക?
   (ഇന്ത്യ, തായ്‌ലന്റ്, മലേഷ്യ, നേപ്പാൾ) **(സ്കോർ – 2)**
7. ഐക്യ രാഷ്ട്രസഭ സുരക്ഷാ, സമിതിയിൽ .......................... സ്ഥിരാംഗങ്ങളും ...................... അസ്ഥിരാംഗങ്ങളും ഉണ്ട്? **(സ്കോർ – 2)**
8. 

| | | |
|---|---|---|
| | ആസിയാൻ ശിലകൾ | |
| ............ | ............ | ആസിയാൻ സാമൂഹിക സാംസ്കാരിക സമൂഹം |

**(സ്കോർ – 2)**

**9. ചേരുംപടി ചേർക്കുക**

| | | | |
|---|---|---|---|
| i) | ഭാരതീയ ജനസംഘം | - | മൗലാന അബ്ദുൾ കലാം ആസാദ് |
| ii) | സോഷ്യലിസ്റ്റ് പാർടി | - | എ കെ ഗോപാലൻ |
| iii) | കമ്യൂണിസ്റ്റ് പാർടി | - | ഡോ.ശ്യാമപ്രസാദ് മുഖർജി |
| iv) | ഇന്ത്യൻ നാഷണൽ കോൺഗ്രസ് | - | ജയപ്രകാശ് നാരായൺ |

**(സ്കോർ – 4)**

10. **ചേരുംപടി ചേർക്കുക**

| | | | |
|---|---|---|---|
| i) ഓപ്പറേഷൻ ഡസർട്ട് സ്റ്റോം | - | i) | അമേരിക്കയുടെ ഇറാക്ക് അധിനിവേശം |
| ii) ഓപ്പറേഷൻ ഇറാഖി ഫ്രീഡം | - | ii) | അൽഖ്വയ്ദക്കെതിരെയുള്ള ക്രൂയിസ് മിസൈൽ ആക്രമണം |
| iii) ഓപ്പറേഷൻ എൻഡ്യൂറിംഗ് ഫ്രീഡം | - | iii) | ഒന്നാം ഗൾഫ് യുദ്ധം |
| iv) ഓപ്പറേഷൻ ഇൻഫിനിറ്റി റീച്ച് | - | iv) | ഭീകരതയ്ക്കെതിരായ ആഗോള യുദ്ധം |

**(സ്കോർ – 4)**

**11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക ഓരോന്നിനും 3 സ്കോർ വീതം (4X3=12)**

11. ആദ്യ പൊതു തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ് പാർടിക്ക് മേധാവിത്തം ലഭിക്കാനുള്ള കാരണങ്ങൾ എന്തെല്ലാം?
12. ആഗോളവത്ക്കരണത്തിന്റെ ഏതെങ്കിലും മൂന്ന് സാമ്പത്തിക പ്രത്യാഘാതങ്ങൾ എഴുതുക.
13. ക്യൂബൻ മിസൈൽ പ്രതിസന്ധിയെക്കുറിച്ച് ഒരു ലഘു വിവരണം തയ്യാറാക്കുക.
14. ദളിത് പാന്തേഴ്സിനെകുറിച്ച് ചുരുക്കി എഴുതുക
15. പാകിസ്ഥാൻ സുസ്ഥിര ജനാധിപത്യം സ്ഥാപിക്കുന്നതിൽ പരാജയപ്പെടാനുള്ള കാരണങ്ങൾ എന്തെല്ലാം?

**16 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം. (4X4=16)**

16. 1969 ൽ കോൺഗ്രസ് പാർട്ടിയുടെ പിളർപ്പിലേക്ക് നയിച്ച കാരണങ്ങൾ വിശദീകരിക്കുക.
17. ഇന്ത്യാ- പാകിസ്ഥാൻ ബന്ധത്തിലെ തർക്കമേഖലകളെക്കുറിച്ച് വിവരിക്കുക.
18. പൊതു വൈവിധ്യ ഉത്തരവാദിത്തം എന്ന ആശയം വിശദീകരിക്കുക.
19. സുരക്ഷാ ഭീഷണിയുടെ ചില പുതിയ സ്രോതസുകൾ താഴെ കൊടുക്കുന്നു. വിശദീകരിക്കുക.
    i) ആഗോള ഭീകരവാദം    ii) സാംക്രമിക രോഗങ്ങൾ
20. ഹരിതവിപ്ലവം എന്നാൽ എന്ത്? അതിന്റെ ഏതെങ്കിലും രണ്ട് ദോഷങ്ങൾ എഴുതുക.

**21 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 5 സ്കോർ വീതം. (4X5=20)**

21. 1962 ലെ ഇന്തോ- ചൈന യുദ്ധത്തിന്റെ കാരണങ്ങൾ വിശദീകരിക്കുക
22. പരിഷ്കരിക്കപ്പെടുന്ന ഐക്യരാഷ്ട്ര സഭ സുരക്ഷാ സമിതിയിൽ ഇന്ത്യക്ക് സ്ഥിരാംഗത്വം വേണമെന്ന ആവശ്യത്തെ നിങ്ങൾ അംഗീകരിക്കുന്നുണ്ടോ? സാധൂകരിക്കുക.
23. വടക്കു- കിഴക്കൻ സംസ്ഥാനങ്ങളിലെ പ്രാദേശിക അഭിലാഷങ്ങളുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ ചുവടെ കൊടുക്കുന്നു. വിശദീകരിക്കുക.
    i) വിഘടനവാദ പ്രസ്ഥാനങ്ങൾ    ii) അന്യർക്കെതിരെയുള്ള പ്രക്ഷോഭങ്ങൾ
24. ഒരു ബദൽ അധികാരകേന്ദ്രം എന്ന നിലയിൽ ചൈനയുടെ വളർച്ചയെക്കുറിച്ച് വിവരിക്കുക.
25. 1989 മുതൽ ഇന്ത്യൻ രാഷ്ട്രീയത്തെ സ്വാധീനിച്ച അഞ്ച് പ്രധാന സംഭവവികാസങ്ങൾ ചുരുക്കി എഴുതുക.

**26 മുതൽ 28 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 8 സ്കോർ വീതം. (2X8=16)**

26. സോവിയറ്റ് യൂണിയന്റെ ശിഥിലീകരണത്തിനുള്ള കാരണങ്ങൾ വിവരിക്കുക.
27. 1975 ൽ ഇന്ത്യയിൽ ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാനുള്ള കാരണങ്ങൾ വിശദീകരിക്കുക.
    സൂചന: സാമ്പത്തിക പശ്ചാത്തലം    : ഗുജറാത്ത് ബീഹാർ പ്രക്ഷോഭങ്ങൾ
    ജുഡിഷ്യറിയുമായുള്ള തർക്കം    : അലഹബാദ് ഹൈക്കോടതി വിധി
28. ഇന്ത്യാവിഭജന പ്രക്രിയയിലെ പ്രതിസന്ധികളും വിഭജനത്തിന്റെ പ്രത്യാഘാതങ്ങളും വിശദീകരിക്കുക.

## കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

തിരുവനന്തപുരം

**രണ്ടാം വർഷം ഹയർസെക്കൻഡറി തുല്യതാ പരീക്ഷ 2025**

## പരീക്ഷാ കുറിപ്പുകളും പ്രധാന പാഠഭാഗങ്ങളും

## സമൂഹശാസ്ത്രം

**പാഠപുസ്തകങ്ങളുടെ അടിസ്ഥാനഘടന**

**പുസ്തകം 1: ഇന്ത്യൻസമൂഹം (6 പാഠങ്ങൾ)**

1. ഇന്ത്യൻസമൂഹത്തിന്റെ പരിചയം
2. ജനസംഖ്യാപരമായ ഘടന
3. സാമൂഹ്യസ്ഥാപനങ്ങളുടെ തുടർച്ചയും മാറ്റവും
4. വിപണി ഒരു സാമൂഹ്യസ്ഥാപനം
5. സാമൂഹ്യഅസമത്വം, ബഹിഷ്കരണം
6. സാംസ്കാരിക വൈവിധ്യത്തിന്റെ വെല്ലുവിളികൾ

**പുസ്തകം 2: ഇന്ത്യയിലെ സാമൂഹികമാറ്റവും വികസനവും (8 പാഠങ്ങൾ)**

1. ഘടനാപരമായും സാംസ്കാരികപരമായും സാമൂഹ്യമാറ്റങ്ങൾ
2. ഭരണഘടനാമൂല്യങ്ങളും ജനാധിപത്യവും
3. ഗ്രാമീണസമൂഹം മാറ്റവും വികസനവും
4. വ്യാവസായികസമൂഹം മാറ്റവും വികസനവും
5. ആഗോളവൽക്കരണവും സാമൂഹ്യമാറ്റവും
6. ബഹുജനമാധ്യമങ്ങളും വിനിമയങ്ങളും
7. സാമൂഹ്യപ്രസ്ഥാനങ്ങൾ
8. ഇന്ത്യയിലെ പുരോഗതിയും വെല്ലുവിളികളും

**പരീക്ഷാമാതൃക:**

| ചോദ്യതരം | ചോദ്യങ്ങളുടെ എണ്ണം | എഴുതേണ്ടത് | മാർക്ക് വീതം | കുറിപ്പ് |
|---|---|---|---|---|
| വസ്തുനിഷ്ഠചോദ്യങ്ങൾ | 10 | 9 | 1 സ്കോർ | ഭൂരിഭാഗം തിരഞ്ഞെടുക്കാവുന്ന ചോദ്യങ്ങൾ |
| ചുരുക്കചോദ്യങ്ങൾ | 5 | 5 | 2 സ്കോർ | 2-3 വാക്യങ്ങളിൽ ഉത്തരം |
| ചെറിയ വിശദീകരണചോദ്യങ്ങൾ | 4 | 3 | 4 സ്കോർ | കുറഞ്ഞത് 4 പോയിന്റ് അടങ്ങിയ ഉത്തരങ്ങൾ |
| ചേരുംപടിചേർക്കുക ചോദ്യങ്ങൾ | 4 | 3 | 5 സ്കോർ | വിശദീകരണശേഷിയുള്ള ഉത്തരം ആവശ്യമാണ് |
| മധ്യനീളചോദ്യങ്ങൾ | 4 | 3 | 6 സ്കോർ | സുസ്പഷ്ടമായ വിശദീകരണം ആവശ്യമാണ് |
| ഉപന്യാസചോദ്യങ്ങൾ | 3 | 2 | 8 സ്കോർ | ആഴത്തിലുള്ള, ഘടനയുള്ള വിശദീകരണം ആവശ്യമാണ് |

**മൊത്തം സ്കോർ: 80 (എഴുത്ത് പരീക്ഷ) + 20 (നിരന്തരമൂല്യ നിർണയം)**

**പരീക്ഷാതയ്യാറെടുപ്പിനുള്ള നിർദേശങ്ങൾ:**

1. എല്ലാ പാഠഭാഗങ്ങളും പഠിക്കുക. ചോദ്യങ്ങൾ മുഴുവൻഭാഗങ്ങളിൽനിന്നുമുണ്ടാകും.
2. പഴയവർഷങ്ങളുടെ ചോദ്യപേപ്പറുകൾ ശേഖരിക്കുക. ആവർത്തിക്കുന്ന ചോദ്യങ്ങൾ മനസ്സിലാക്കുക.
3. സ്വയംപഠന പുസ്തകത്തിലെ പഠനപുരോഗതി ചോദ്യങ്ങൾ, വിലയിരുത്തൽ ചോദ്യങ്ങൾ വിശദമായി മനസ്സിലാക്കുക.
4. ചോദ്യത്തിന് അനുയോജ്യമായ മാർക്ക് അനുസരിച്ച് ഉത്തരം തയ്യാറാക്കാനുള്ള കഴിവ് വർദ്ധിപ്പിക്കുക.
5. തെറ്റില്ലാത്ത, ഗൗരവമായ ഭാഷയിൽ ഉത്തരം എഴുതാൻ അഭ്യാസംനേടുക.
6. ടൈംമാനേജ്മെന്റിന് പതിവായി മോഡൽ പരീക്ഷ നടത്തുക.

**വിജയസൂചനകൾ:**

സമയത്ത് പഠനം ആരംഭിക്കുക.
ഓരോ പാഠത്തിനും ചുരുക്കനോട്ടുകൾ തയ്യാറാക്കുക.
വിഷയങ്ങൾ തമ്മിൽ ബന്ധപ്പെടുത്താൻ ശ്രമിക്കുക.
ഉത്തരം എഴുതുമ്പോൾ മാർക്ക് അനുസരിച്ച് ആഴം കൃത്യതയോടെയും ദൃശ്യവത്കരണത്തോടെയും കാണിക്കുക.

**എല്ലാ വിദ്യാർത്ഥികൾക്കും ഹൃദയംഗമമായ വിജയാശംസകൾ!**
**നിങ്ങളുടെ പരിശ്രമം വിജയത്തിലേക്ക് നയിക്കട്ടെ.**

# കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

തിരുവനന്തപുരം

## പതിനൊന്നാംതരം തുല്യതാപരീക്ഷ

## മാതൃകാചോദ്യപേപ്പർ - 2025

**Part-III**

## സമൂഹശാസ്ത്രം

**സമയം: 2½ മണിക്കൂർ** **ആകെ സ്കോർ: 80**

**കൂൾ ഓഫ് സമയം: 15 മിനിറ്റ്**

**1 മുതൽ 10 വരെയുള്ള ഏതെങ്കിലും 9 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 1 സ്കോർ വീതം. (9X1=9)**

1. അമേരിക്കൻ സമൂഹശാസ്ത്രജ്ഞൻ സി. റൈറ്റ് മിൽസ് അവതരിപ്പിച്ച ആശയമാണ് .............
   എ) സ്വയം പ്രതിഫലനം ബി) സാമൂഹികവൽക്കരണം
   സി) സമൂഹശാസ്ത്ര സങ്കല്പം ഡി) സാമാന്യബോധജ്ഞാനം
2. സ്ഥിരവും മാറ്റമില്ലാതെ തുടരുന്നതുമായ ഒരു സംഘം ആളുകളുടെ സ്വഭാവമാണ് ................
   എ) ആദർശമാതൃക ബി) സ്ഥിരരൂപം
   സി) സഹഭാവം ഡി) മുൻവിധി
3. സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും വ്യക്തികളെ മാറ്റി നിർത്തുന്ന രീതിയെ .........എന്നു പറയുന്നു
   എ) സാമൂഹിക ക്രമം ബി) സാമൂഹ്യ ശ്രേണീകരണം
   സി) സാമൂഹ്യ ബഹിഷ്കരണം ഡി) സാമൂഹ്യ നിയന്ത്രണം
4. സർക്കാർ നിരവധി പൊതുമേഖലാ കമ്പനികളിൽ അതിന്റെ ഓഹരി വിൽക്കാൻ ശ്രമിക്കുന്നതിനെ ............................... എന്നറിയപ്പെടുന്നു.
   എ) സ്വകാര്യവൽക്കരണം ബി) ദേശസാൽക്കരണം
   സി) ഓഹരിവിറ്റഴിക്കൽ ഡി) ആഗോളവൽക്കരണം
5. ലിംഗാനുപാതം നിർവ്വചിക്കുന്നത്
   എ) ഒരു നിർദ്ദിഷ്ട സമയത്ത് ഒരു നിശ്ചിത പ്രദേശത്ത് 1000 പുരുഷന്മാർക്ക് സ്ത്രീകളുടെ എണ്ണം.
   ബി) ഒരു നിശ്ചിത സമയത്ത് ഒരു നിശ്ചിത പ്രദേശത്ത് 10000 സ്ത്രീകൾക്ക് പുരുഷന്മാരുടെ എണ്ണം.
   സി) ഒരു നിശ്ചിത സമയത്ത് ഒരു നിശ്ചിത പ്രദേശത്ത് 100 പുരുഷന്മാർക്ക് സ്ത്രീകളുടെ എണ്ണം
   ഡി) ഒരു നിശ്ചിത സമയത്ത് ഒരു നിശ്ചിത പ്രദേശത്ത് 100 സ്ത്രീകൾക്ക് പുരുഷന്മാരുടെ എണ്ണം.
6. താഴെപ്പറയുന്നവയിൽ ഏതാണ് പൗരസമൂഹത്തിന്റെ ഉദാഹരണം?
   എ) സർക്കാർ ഏജൻസികൾ ബി) സ്വകാര്യകോർപ്പറേഷനുകൾ
   സി) സർക്കാരിതര സംഘടനകൾ (എൻജിഒകൾ) ഡി) ദൂരദർശൻ
7. ഒരു രാജ്യം മറ്റൊരു രാജ്യത്തെ തങ്ങളുടെ അധീനതയിലാക്കി ഭരണം നടത്തുന്നതിനെ............എന്നു പറയുന്നു
   എ) നഗരവൽക്കരണം ബി) വ്യവസായവൽക്കരണം
   സി) കൊളോണിയലിസം ഡി) സാമൂഹ്യ ക്രമം
8. സമയ അടിമത്തം ഏത് തൊഴിൽമേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു?
   എ) ഗ്രാമീണമേഖല ബി) വ്യവസായമേഖല
   സി) ഐടി മേഖല ഡി) സേവന മേഖല
9. ആഗോള സംസ്കാരവും പ്രാദേശിക സംസ്കാരവും തമ്മിൽ ഇടകലർന്നുണ്ടാകുന്ന പ്രതിഭാസമാണ്...........
   എ) ഉപഭോഗസംസ്കാരം ബി) ഗ്ലോക്കലൈസേഷൻ
   സി) കോർപ്പറേറ്റ് സംസ്കാരം ഡി) ആഗോളവൽക്കരണം

10. "ദുർബലരുടെ ആയുധങ്ങൾ" എന്ന കൃതിയുടെ കർത്താവാര്?

എ) ജയിംസ്സ്കോട്ട് | ബി) രാമചന്ദ്ര ഗുഹ
സി) ബി പി വാഡിയ | ഡി) വെബർ

**11 മുതൽ 15 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിനും 2 സ്കോർ വീതം. (5X2=10)**

11. ആഗോളവൽക്കരണം എന്നാൽ എന്താണ്?
12. ആധുനികവൽക്കരണത്തിന്റെ രണ്ടു സവിശേഷതകൾ എഴുതുക .
13. ഭൂപരിഷ്കരണ നിയമങ്ങളുടെ രണ്ട് പ്രത്യാഘാതങ്ങൾ പരാമർശിക്കുക.
14. ന്യായപഞ്ചായത്തിന്റെ പ്രാധാന്യം പട്ടികപ്പെടുത്തുക.
15. വിഭവ സമാഹരണ സിദ്ധാന്തം വിശദമാക്കുക.

**16 മുതൽ 19 വരെയുള്ള ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം. (3X4=12)**

16. സമൂഹശാസ്ത്ര പഠനത്തിൽ സമൂഹത്തെ കുറിച്ചുള്ള മുന്നറിവിന്റെ നേട്ടങ്ങളും പരിമിതികളും പട്ടികപ്പെടുത്തുക.
17. ചരക്കുവൽക്കരണം, വെർച്വൽ വിപണി എന്നിവ വിശദീകരിച്ച് ഓരോ ഉദാഹരണം നൽകുക.
18. സംസ്കൃതവൽക്കരണവും പാശ്ചാത്യവൽക്കരണവും വിവരിക്കുക.
19. തൊട്ടുകൂടായ്മ എന്നാൽ എന്ത്.? തൊട്ടുകൂടായ്മയുടെ വിവിധ മാനങ്ങൾ വിശദമാക്കുക.

**20 മുതൽ 23 വരെയുള്ള ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 5 സ്കോർ വീതം. (3X5=15)**

20. ചേരുംപടി ചേർക്കുക

| എ | ബി |
|---|---|
| താരാഭായ് ഷിന്റെ | ജ്യോതിറാവു ഫൂലെ |
| സത്യശോധക് സമാജം | തൊട്ടുകൂടായ്മ നിരോധനം |
| ശ്രീനാരായണ ഗുരു | സ്ത്രീപുരുഷ തുലന |
| മണ്ഡൽ കമ്മീഷൻ | എസ്എൻഡിപി- പ്രസ്ഥാനം |
| ആർട്ടിക്കിൾ 17 | 27% സർക്കാർ ജോലി സംവരണം |

21. ഹരിതവിപ്ലവത്തിന്റെ സാമൂഹിക പ്രത്യാഘാതങ്ങൾ വിലയിരുത്തുക.
22. സംഘടിതമേഖലയും അസംഘടിതമേഖലയും തമ്മിലുള്ള വ്യത്യാസങ്ങൾ വിശദീകരിക്കുക.
23. കോർപ്പറേറ്റ് സംസ്കാരവും ഇലക്ട്രോണിക് സമ്പദ്‌വ്യവസ്ഥയും വിശദമാക്കുക.

**24 മുതൽ 27 വരെയുള്ള ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 6 സ്കോർ വീതം. (3X6=18)**

24. (എ) ബഹുജന മാധ്യമങ്ങൾ എന്ന ആശയം വിശദീകരിക്കുക. **(സ്കോർ 2)**
(ബി) ടെലിവിഷനിലും റേഡിയോ പ്രക്ഷേപണത്തിലും ആഗോളവൽക്കരണത്തിന്റെ സ്വാധീനം ചർച്ച ചെയ്യുക. **(സ്കോർ 4)**
25. പഞ്ചായത്തിന്റെ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും വിശകലനം ചെയ്യുക.
26. സ്വതന്ത്ര ഇന്ത്യയിലെ വ്യവസായവൽക്കരണവും നഗരവൽക്കരണവും വിശദീകരിക്കുക.

27. **താഴെ പറയുന്നവ വിശദീകരിക്കുക. ഓരോന്നിനും 2 സ്കോർ വീതം**
എ) പ്രബല ജാതിയുടെ സവിശേഷതകൾ.
ബി) ഗോത്രസമുദായങ്ങളുടെ ആർജ്ജിത സവിശേഷതകളുടെ അടിസ്ഥാനത്തിലുള്ള വർഗീകരണം.
സി) അണുകുടുംബം.

**28 മുതൽ 30 വരെയുള്ള ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 8 സ്കോർ വീതം. (2X8=16)**

28. ജനസംഖ്യാ വളർച്ചയെക്കുറിച്ചുള്ള മാൽത്തൂസിയൻ സിദ്ധാന്തത്തെ വിമർശനാത്മകമായി വിലയിരുത്തുക.
29. പ്രാദേശികവാദത്തിന്റെയും മതനിരപേക്ഷതയുടെയും സവിശേഷതകളെ കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.
30. (എ) സാമൂഹ്യപ്രസ്ഥാനങ്ങളുടെ നാല് സവിശേഷതകൾ എഴുതുക. **(സ്കോർ 2)**
(ബി) പഴയതും പുതിയതുമായ സാമൂഹികപ്രസ്ഥാനങ്ങളെ അനുയോജ്യമായ ഉദാഹരണങ്ങൾ നൽകി വിശദീകരിക്കുക. **(സ്കോർ 6)**

# കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

തിരുവനന്തപുരം

**രണ്ടാം വർഷം ഹയർസെക്കൻഡറി തുല്യതാ പരീക്ഷ 2025**

## പരീക്ഷാ കുറിപ്പുകളും പ്രധാന പാഠഭാഗങ്ങളും

## അക്കൗണ്ടൻസി

**ഭാഗം – 1 : അക്കൗണ്ടിംഗ്(40 സ്കോർ, ചോ-bnസ് അടക്കം: 52 സ്കോർ)**

1. **പങ്കാളിത്ത ബിസിനസിന്റെ അക്കൗണ്ടിംഗ് – അടിസ്ഥാന ആശയങ്ങൾ**

**(പ്രതീക്ഷിക്കാവുന്ന പരമാവധി ചോദ്യങ്ങൾ: 11 സ്കോർ)**

പങ്കാളിത്ത സ്ഥാപനത്തിന്റെ പ്രത്യേകതകൾ

പങ്കാളിത്ത ഉടമ്പടി

പങ്കാളിത്ത ഉടമ്പടിയുടെ അഭാവത്തിൽ ബാധകമാകുന്ന നിയമങ്ങൾ

സ്ഥിരമൂലധന- അസ്ഥിരമൂലധന അക്കൗണ്ട് രീതികൾ

മൂലധന അക്കൗണ്ട്, കറന്റ് അക്കൗണ്ട് തയാറാക്കൽ

ലാഭ- നഷ്ട അപ്രോപ്രിയേഷൻ അക്കൗണ്ട് തയാറാക്കൽ

മൂലധനപലിശ കണക്കാക്കൽ

ഡ്രോയിംഗ്സ് പലിശ കണക്കാക്കൽ

2. **പങ്കാളിത്ത സ്ഥാപനത്തിന്റെ പുനഃസംഘടന – പങ്കാളിയുടെ പ്രവേശനം.**

**(പ്രതീക്ഷിക്കാവുന്ന പരമാവധി ചോദ്യങ്ങൾ : 17 സ്കോർ)**

പുതിയ പങ്കാളിയുടെ അവകാശങ്ങൾ

ത്യാഗ അനുപാതം കണ്ടുപിടിക്കൽ

പുതിയലാഭ അനുപാതം കണ്ടുപിടിക്കൽ

ബിസിനസിന് സൽപ്പേര് നൽകുന്ന ഘടകങ്ങൾ

സൽപ്പേര് മൂല്യനിർണ്ണയം ചെയ്യുന്നരീതികൾ- ശരാശരി ലാഭ രീതി, അധികലാഭ രീതി, മൂലധനവൽക്കരണരീതി.

സൽപ്പേര് മൂല്യം കണക്കിലെടുക്കൽ (പ്രീമിയംരീതി)

കരുതൽശേഖരം, വീതിക്കാത്ത ലാഭം/ നഷ്ടം എന്നിവയുടെ നീക്കുപോക്ക്

പുനർമൂല്യനിർണ്ണയ അക്കൗണ്ട് തയ്യാറാക്കൽ.

നൽകിയിരിക്കുന്ന ബാലൻസ് ഷീറ്റ്, പുതിയ പങ്കാളിയുടെ പ്രവേശന സമയത്തുള്ള നിബന്ധനകൾ എന്നിവ പരിഗണിച്ച് പുനർമൂല്യനിർണ്ണയ അക്കൗണ്ട്, പങ്കാളികളുടെ മൂലധന അക്കൗണ്ടുകൾ. പുതിയ ബാലൻസ് ഷീറ്റ് എന്നിവ തയാറാക്കൽ. **(8 സ്കോർ ചോദ്യം)**

3. **പങ്കാളിത്തസ്ഥാപനത്തിന്റെ പുനഃസംഘടന – പങ്കാളിയുടെ വിരമിക്കൽ/മരണം**

**(പ്രതീക്ഷിക്കാവുന്ന പരമാവധി ചോദ്യങ്ങൾ: 11 സ്കോർ)**

നേട്ടഅനുപാതവും പുതിയലാഭ അനുപാതവും കണ്ടുപിടിക്കൽ

സൽപ്പേര് മൂല്യം കണക്കിൽ ഉൾപ്പെടുത്തൽ

ആസ്തി- ബാധ്യതകളുടെ പുനർമൂല്യനിർണ്ണയം

കരുതൽശേഖരം, വീതിക്കാത്ത ലാഭം/ നഷ്ടം എന്നിവയുടെ ക്രമീകരണം.
വിരമിക്കുന്ന പങ്കാളിക്ക് നൽകാനുള്ള തുക തീർപ്പാക്കൽ
വിരമിക്കുന്ന പങ്കാളിയുടെ ലോൺ അക്കൗണ്ട് തയാറാക്കൽ
ഇടക്കാല ലാഭം കണക്കാക്കൽ
മരണപ്പെട്ട പങ്കാളിയുടെ മൂലധന അക്കൗണ്ട്/ എക്സിക്യൂട്ടേഴ്സ് അക്കൗണ്ട് തയാറാക്കൽ

**4. പങ്കാളിത്ത ബിസിനസിന്റെ അടച്ചുപൂട്ടൽ**
**(പ്രതീക്ഷിക്കാവുന്ന പരമാവധി ചോദ്യങ്ങൾ : 13 സ്കോർ)**
പങ്കാളിത്ത സ്ഥാപനങ്ങളുടെ വിവിധ രീതിയിലുള്ള അടച്ചുപൂട്ടൽ- കരാർപ്രകാരം, നിർബന്ധപൂർവ്വം, അവിചാരിതസംഭവങ്ങൾ, കോടതിമുഖേന.
ആസ്തികൾ വിറ്റ് ലഭിക്കുന്ന തുക വിനിയോഗിക്കേണ്ട ക്രമം.
റിയലൈസേഷൻ അക്കൗണ്ട് തയാറാക്കൽ
ഡിസല്യൂഷൻ സംബന്ധിച്ച ജേർണൽ എൻട്രികൾ
അടച്ചുപൂട്ടൽ സമയത്തുള്ള കണക്കുകൾ തയാറാക്കൽ- റിയലൈസേഷൻ അക്കൗണ്ട്, പങ്കാളികളുടെ മൂലധന അക്കൗണ്ടുകൾ, ബാങ്ക് അക്കൗണ്ട് എന്നിവ തയാറാക്കൽ (8 സ്കോർചോദ്യം)
*(NB: അക്കൗണ്ടൻസി പാഠപുസ്തകം ഭാഗം1 - ലുള്ള പാഠം1, ലാഭേച്ഛയില്ലാത്ത സ്ഥാപനങ്ങളുടെ കണക്കെഴുത്ത്, പരീക്ഷ ചോദ്യങ്ങളിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്)*

**ഭാഗം 2: അനാലിസിസ് ഓഫ് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്സ്**
**(40 സ്കോർ, ചോയിസ് അടക്കം: 52 സ്കോർ)**
**1. കമ്പനിയുടെകണക്കുകൾ – ഓഹരിമൂലധനത്തിന്റെ കണക്കെഴുത്ത്**
**(പ്രതീക്ഷിക്കാവുന്നപരമാവധി ചോദ്യങ്ങൾ: 16 സ്കോർ)**
കമ്പനികളുടെപ്രത്യേകതകൾ
വിവിധതരത്തിലുള്ള മൂലധന വിഭവങ്ങൾ- അംഗീകൃത മൂലധനം, പുറപ്പെടുവിച്ച മൂലധനം, ഏറ്റെടുത്തമൂലധനം, വിളിക്കപ്പെട്ട മൂലധനം, അടച്ചുതീർത്ത മൂലധനം
സാധാരണ ഓഹരികളും മുൻഗണനാ ഓഹരികളും
ഓഹരികൾ- മുഖവിലയിൽ ഇഷ്യൂ ചെയ്യൽ
പ്രീമിയത്തിൽ ഇഷ്യൂ ചെയ്യൽ
കിഴിവിൽ ഇഷ്യൂ ചെയ്യൽ
കാൾകുടിശ്ശികയും മുൻകൂർകാൾ തുകയും
ഓഹരികളുടെ അധിക അപേക്ഷകർ
ഓഹരി കണ്ടുകെട്ടൽ
ഓഹരികളുടെ റീ ഇഷ്യൂ
ആസ്തികൾ വാങ്ങുന്നതിന് പ്രതിഫലമായി ഓഹരികൾ ഇഷ്യൂചെയ്യൽ
ഓഹരി ഇടപാടുകളുടെ ജേർണൽ എൻട്രികൾ (**8 സ്കോർ ചോദ്യം**)

**2. കമ്പനി അക്കൗണ്ടുകൾ– കടപത്രങ്ങളുടെ അക്കൗണ്ട്**
**(പ്രതീക്ഷിക്കാവുന്ന പരമാവധി ചോദ്യങ്ങൾ: 8 സ്കോർ)**
വിവിധതരം കടപ്പത്രങ്ങൾ: ഈട്, കാലവധി, മടക്കിനൽകൽ രീതി, കൂപ്പൺനിരക്ക്, കൈമാറ്റക്ഷമത എന്നിവയെ അടിസ്ഥാനമാക്കിയുള്ള തരംതിരിക്കൽ.
ഓഹരികളും കടപ്പത്രങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ
കടപ്പത്രങ്ങൾ ഇഷ്യൂ ചെയ്യുന്നതുമായി ബന്ധപ്പെട്ട ജേർണൽ എൻട്രികൾ
കടപ്പത്രങ്ങളുടെ മടക്കിനൽകൽ രീതികൾ

3. **കമ്പനികളുടെ ധനകാര്യ സ്റ്റേറ്റ്മെന്റുകൾ**
**(പ്രതീക്ഷിക്കാവുന്ന പരമാവധി ചോദ്യങ്ങൾ: 4 സ്കോർ)**
വിവിധതരം ധനകാര്യ സ്റ്റേറ്റ്മെന്റുകൾ
കമ്പനി ബാലൻസ് ഷീറ്റിന്റെ മാതൃക (പ്രധാന തലക്കെട്ടുകളും അവയുടെ കീഴിൽ വരുന്ന ഇനങ്ങളും)
ലാഭ - നഷ്ട സ്റ്റേറ്റ്മെന്റ്

4. **കമ്പനികളുടെ ധനകാര്യ സ്റ്റേറ്റ്മെന്റുകളുടെ വിശകലനം**
**(പ്രതീക്ഷിക്കാവുന്ന പരമാവധി ചോദ്യങ്ങൾ: 7 സ്കോർ)**
വിശകലനത്തിനുള്ള വിവിധ ടൂളുകൾ
താരതമ്യവരുമാന സ്റ്റേറ്റ്മെന്റ്/ താരതമ്യ ബാലൻസ് ഷീറ്റ് തയാറാക്കൽ
കോമൺസൈസ് ഇൻകം സ്റ്റേറ്റ്മെന്റ്/ കോമൺസൈസ് ബാലൻസ് ഷീറ്റ് തയാറാക്കൽ

5. **അക്കൗണ്ടിംഗ് അനുപാതങ്ങൾ**
**(പ്രതീക്ഷിക്കാവുന്ന പരമാവധി ചോദ്യങ്ങൾ: 11 സ്കോർ)**
അനുപാതവിശകലനത്തിന്റെ ലക്ഷ്യങ്ങൾ
അനുപാതവിശകലനത്തിന്റെ പരിമിതികൾ
ദ്രവണ അനുപാതങ്ങൾ- നടപ്പ് അനുപാതം, ദ്രുതഅനുപാതം
ലേയത്വ അനുപാതകൾ- വായ്പാ ഓഹരി അനുപാതം, ഉടമസ്ഥതാ അനുപാതം, പലിശ ആവരണ അനുപാതം
പ്രവർത്തനശേഷി/ വിറ്റുവരവ് അനുപാതങ്ങൾ- സ്റ്റോക്ക് ടേൺ ഓവർ അനുപാതം, റിസീവബിൾ/ ഡെപ്റ്റേഴ്സ്ടേൺ ഓവർ അനുപാതം, പ്രവർത്തനമൂലധന ടേൺ ഓവർ അനുപാതം.

ലാഭക്ഷമത അനുപാതങ്ങൾ- ഗ്രോസ് പ്രോഫിറ്റ് അനുപാതം, നെറ്റ്പ്രോഫിറ്റ് അനുപാതം, ഓപ്പറേറ്റിങ്ങ് പ്രോഫിറ്റ് അനുപാതം, റിട്ടേൺഓൺ ഇൻവെസ്റ്റ്മെന്റ് വിവിധതരം അക്കൗണ്ടിംഗ് അനുപാതങ്ങൾ ഉചിതമായ സൂത്രവാക്യം ഉപയോഗിച്ച് കണ്ടുപിടിക്കുക **(8 സ്കോർ ചോദ്യം)**

6. **പണവ്യതിയാന സ്റ്റേറ്റ്മെന്റുകൾ**
**(പ്രതീക്ഷിക്കാവുന്ന പരമാവധി ചോദ്യങ്ങൾ: 6 സ്കോർ)**
പണവ്യതിയാന സ്റ്റേറ്റ്മെന്റിന്റെ ലക്ഷ്യങ്ങൾ
പണആഗമന/നിർഗമനപ്രവർത്തനങ്ങൾക്ക് ഉദാഹരണങ്ങൾ
ദൈനംദിന കച്ചവട പ്രവർത്തനങ്ങൾ
നിക്ഷേപപ്രവർത്തനങ്ങൾ
ധനപരമായ പ്രവർത്തനങ്ങൾ
ഇവയിൽനിന്നുള്ള പണത്തിന്റെ ഒഴുക്ക് കണ്ടുപിടിക്കുക.

(NB: അക്കൗണ്ടൻസി പരീക്ഷയിൽ 30% അധികചോദ്യങ്ങൾ ഉൾപ്പെടെ 104 സ്കോറിനുള്ള ചോദ്യങ്ങൾ ഉണ്ടാവും. ഓരോവിഭാഗത്തിലെയും നിർദ്ദേശമനുസരിച്ച് പരമാവധി 80 സ്കോറിനുള്ള ചോദ്യങ്ങൾക്കാണ് ഉത്തരമെഴുതേണ്ടത്)

# കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

തിരുവനന്തപുരം

## പതിനൊന്നാംതരം തുല്യതാപരീക്ഷ

## മാതൃകാചോദ്യപേപ്പർ – 2025

**Part-III**

## അക്കൗണ്ടൻസി

**സമയം: 2½ മണിക്കൂർ** **ആകെ സ്കോർ: 80**

**പാർട്ട്– എ: അക്കൗണ്ടിംഗ് (പരമാവധി സ്കോർ : 40)**

**I. 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർവീതം**

**(5 x 1 സ്കോർ= 5സ്കോർ)**

1. പങ്കാളിത്ത കരാറിന്റെ അഭാവത്തിലും ബിസിനസ് പങ്കാളികൾക്ക് ലഭിക്കാൻ അർഹതയുള്ളത് ഏത്?
   (a) മൂലധന പലിശ (b) ശമ്പളം
   (c) കമ്മീഷൻ (d) വായ്പാ പലിശ
2. പങ്കാളികൾ തമ്മിലുള്ള കരാറിന്റെ അഭാവത്തിൽ, ബിസിനസ് ലാഭം പങ്കിടുന്നത് എങ്ങനെ?
   (a) മൂലധന അനുപാതം (b) രജിസ്ട്രാർ ഓഫ് ഫേംസ് നിശ്ചയിച്ച അനുപാതം
   (c) തുല്യ അനുപാതം (d) ആർബിട്രേഷൻ അനുപാതം
3. പുനർമൂല്യനിർണ്ണയ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യണ്ട ഇനം ഏത്?
   (a) ആസ്തികൾ കുറയുന്നത് (b) ആസ്തികൾ കൂടുന്നത്
   (c) ബാധ്യതകൾ കൂടുന്നത് (d) രേഖപ്പെടുത്താനുള്ള ബാധ്യതകൾ
4. ഒരു പങ്കാളിയുടെ പ്രവേശനസമയത്ത്, ആസ്തികളുടെ പുനർമൂല്യനിർണയത്തിൽ നിന്ന് ഉണ്ടാകുന്ന നേട്ടമോ/ നഷ്ടമോ പങ്കിടുന്നത് ആരൊക്കെയാണ്?
   (a) എല്ലാ പങ്കാളികളും (b) പഴയ പങ്കാളികൾ
   (c) പുതിയ പങ്കാളി (d) നേട്ടമുണ്ടാക്കുന്ന പങ്കാളികൾ
5. ബിസിനസിൽ തുടരുന്ന പങ്കാളികൾ , വിരമിക്കുന്ന പങ്കാളിയുടെ ലാഭത്തിന്റെ പങ്ക് വീതിച്ചെടുക്കുന്ന അനുപാതത്തിന് എന്ത് പേര് വിളിക്കുന്നു?
   (a) നേട്ട അനുപാതം (b) ത്യാഗ അനുപാതം
   (c) പഴയ അനുപാതം (d) പുതിയ അനുപാതം
6. അവസാനം തയ്യാറാക്കിയ ബാലൻസ്ഷീറ്റ് മുതൽ മരണ ദിവസംവരെ ഒരു പങ്കാളിക്ക് ലഭിക്കേണ്ട ലാഭവീതം ഡെബിറ്റ് ചെയ്യേണ്ട അക്കൗണ്ട് ഏത് ?
   (a) ലാഭനഷ്ടം അക്കൗണ്ട് (b) ലാഭനഷ്ട വിനിയോഗം അക്കൗണ്ട്
   (c) ലാഭനഷ്ട ക്രമീകരണം അക്കൗണ്ട് (d) ലാഭനഷ്ട സസ്പെൻസ് അക്കൗണ്ട്

**II. 7 മുതൽ 9 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 2 സ്കോർ വീതം.**

**(3 x 2 സ്കോർ= 6സ്കോർ)**

7. സ്ഥിര മൂലധന രീതി പ്രകാരം ഒരു പങ്കാളിയുടെ കറന്റ് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ട ഏതെങ്കിലും നാല് ഇനങ്ങൾ എഴുതുക .
8. ബിന്ദു, ബബിത, ബീന എന്നിവർ തുല്യ ബിസിനസ് പങ്കാളികളാണ്. ബീന വിരമിക്കുന്ന സമയത്ത് ബാലൻസ് ഷീറ്റിന്റെ ബാധ്യതാവശത്ത് ലാഭ - നഷ്ട കണക്കിന്റെ ബാലൻസ് 15,000 രൂപയാണ് . ഇതിന്റെ നീക്കുപോക്ക് ജേർണൽ എൻട്രി എഴുതുക.

9. ഒരു പങ്കാളിത്ത സ്ഥാപനം അടച്ചുപൂട്ടുമ്പോൾ ആസ്തികൾ വിറ്റ് ലഭിക്കുന്ന തുക വിനിയോഗിക്കേണ്ട ക്രമം എഴുതുക.

**III. 10 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർവീതം.**

